# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുനലൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/ML/717/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 09/05/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
പുനലൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : പുനലൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുനലൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ,നഗരകാര്യവകുപ്പ്,തിരുവനന്തപുരം
റീജിയണൽ ജോയിന്റ് ഡയറക്ടർ,കൊല്ലം

നമ്പർ: KSA/KLM/ML/717/23 തീയ്യതി: 09/05/2023

## കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പുനലൂർ മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-06-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-06-2022 മുതൽ 31-08-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യു റോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-04-2023 | 26-04-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-04-2023 | 26-04-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പ്രദീപ്കുമാർ.പി(ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.അമ്പിളി.ജി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.അനീഷ്.വി.എസ്(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ജയകുമാരിഅമ്മ.ജി(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.രാജശ്രീ.സി.ആർ(ഓഡിറ്റർ)
ശ്രീമതി.റജിന.എ.എസ്(ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നിമ്മി ഏബ്രഹാം | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ.അനിൽകുമാർ.ബി | സെക്രട്ടറി | 01-04-2021 | 30-08-2021 |
| ശ്രീമതി.സിന്ധു.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-08-2021 | 10-09-2021 |
| ശ്രീ.അനിൽകുമാർ.ബി | സെക്രട്ടറി | 11-09-2021 | 16-09-2021 |
| ശ്രീമതി.സിന്ധു.എൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-09-2021 | 21-09-2021 |
| ശ്രീ,നൌഷാദ്.എ | സെക്രട്ടറി | 22-09-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീദേവി.വി.എസ് | അസി.എക്സിക്യൂട്ടീവ് എൻജിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.പ്രകാശൻ.ഡി | അസി.എൻജിനീയർ | 01-04-2021 | 19-07-2021 |
| ശ്രീമതി.രമ്യാ സത്യൻ | അസി.എൻജിനീയർ(ഇൻ-ചാർജ്ജ്) | 20-07-2021 | 25-07-2021 |
| ശ്രീ.വി.കെ.ജയരാജ് | അസി.എൻജിനീയർ | 26-07-2021 | 31-03-2022 |
| ശ്രീ.ബി.റ്റി.സുരേഷ് കുമാർ | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ.ബിനി ഏബ്രഹാം | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീനി.എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ഡോ.ഷാഹിർഷാ | സൂപ്രണ്ട്(താലൂക്ക് ആശുപത്രി,പുനലൂർ) | 01-04-2021 | 31-03-2022 |
| ശ്രീ.കുഞ്ഞുമോൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.പി.വി.സുദർശനൻ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.മറിയം | സി.ഡി.പി.ഒ | 01-04-2021 | 03-12-2021 |
| ശ്രീമതി.സജിത.എസ് | സി.ഡി.പി.ഒ | 04-12-2021 | 31-03-2022 |
| ശ്രീമതി.നിത്യ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്(ഇൻ-ചാർജ്ജ്) | 01-04-2021 | 31-03-2022 |
| ഡോ.അശോക് കുമാർ | മെഡിക്കൽ | 01-04-2021 | 29-04-2021 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ഡോ.അഡ് ലിൻ മേരി അലോഷ്യസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 30-04-2021 | 31-05-2021 |
| ഡോ.അരുൺകുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-06-2021 | 07-12-2021 |
| ഡോ.പ്രശാന്ത് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 08-12-2021 | 31-03-2022 |
| ഡോ.തോമസ് | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 17-06-2021 |
| ഡോ.ആർ.സുനിൽ | സീനിയർ വെറ്റിനറി സർജൻ(ഇൻ -ചാർജ്ജ്) | 18-06-2021 | 31-07-2021 |
| ഡോ.നായർ ഇന്ദിരാ ജനാർദ്ദനൻ | സീനിയർ വെറ്റിനറി സർജൻ | 01-08-2021 | 27-01-2022 |
| ഡോ.സന്തോഷ്.കെ.ആർ | സീനിയർ വെറ്റിനറി സർജൻ | 28-01-2022 | 31-03-2022 |
| ഡോ.ഷീജ.സി.എൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 01-04-2021 | 30-04-2021 |
| ഡോ.അരുൺകുമാർ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 01-05-2021 | 31-12-2021 |
| ഡോ.അനീഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പൻസറി) | 01-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ - വിശദീകരണം / തുടർനടപടികളുടെ വിവരം ലഭ്യമാക്കണം | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ തീയതിക്ക ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക 92,800/- രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-7-1 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | കെട്ടിടത്തിന് തെറ്റായ റോഡിന്റെ തരം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 1-11 |
| 14 | ക്യാഷ് ബാലൻസ് പരിശോധന – അപാകതകൾ | 1-12 |
| 15 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-13 |
| 16 | സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയില്ല | 1-14 |
| 17 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ | 1-15 |
| 18 | ലേലത്തുക ഈടാക്കാൻ അവശേഷിക്കുന്നു. | 1-16 |
| 19 | തുക മുൻകൂർ നൽകിയിട്ടും ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 1-17 |
| 20 | മരാമത്ത് പ്രവൃത്തി : 1,04,212/-രൂപ അധികമായി പിൻവലിച്ചു. | 1-18 |
| 21 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു - അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയിട്ടില്ല. 13803/-രൂപ ഈടാക്കണം | 1-19 |
| 22 | ബയോഫ്ലോക്ക് മത്സ്യകൃഷി- സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി സബ്സിഡി നൽകി. | 1-20 |
| 23 | അനുപൂരക പോഷകാഹാരം-ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക | 1-21 |

| | | |
|---|---|---|
| | അധികം നൽകി. | |
| 24 | മരാമത്ത് പ്രവൃത്തികൾ - 11,510/-രൂപയുടെ അധിക ചെലവ്. | 1-22 |
| 25 | ഏഴുനില ഷോപ്പിംഗ് കോംപ്ലക്സ് - സെക്യൂരിറ്റി നിയമനം 76220/- രൂപ നിരാകരിക്കുന്നു. | 1-23 |
| 26 | ദേശീയ നഗര ഉപജീവനമിഷൻ പദ്ധതി | 1-24 |
| 27 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 1-25 |
| 28 | വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-26 |
| 29 | ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - അപാകതകൾ | 1-27 |
| 30 | പട്ടികജാതി കുട്ടികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കില്ല | 1-28 |
| 31 | ആയ്യങ്കാളിനഗര തൊഴിലുറപ്പ് പദ്ധതി - മസ്റ്റർ റോൾ ഹാജരാക്കിയില്ല - 35,40,267/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 32 | തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ ഉള്ള ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ-ഉദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവഹണം നടത്തി | 1-30 |
| 33 | അക്കൗണ്ട് മാറി എസ്.എസ്.എ. വിഹിതം ഒടുക്കി - വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല. | 1-31 |
| 34 | പട്ടിക വർഗ കുട്ടികൾക്ക് പഠനസൗകര്യം പദ്ധതി-നിർവഹണത്തിൽ അപാകത - 5,32,671/- രൂപയുടെ ചെലവ് തടസ്സപ്പെയുത്തുന്നു | 1-32 |
| 35 | പ്രീമെട്രിക് ഹോസ്റ്റലിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. | 1-33 |
| 36 | സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം/ തുക തിരികെ ലഭിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല. | 1-34 |
| 37 | ലേലയിനങ്ങൾക്ക് ജി എസ് ടി ഈടാക്കിയില്ല | 1-35 |
| 38 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രേഖകളില്ല | 1-36 |
| 39 | വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്-ടെലഫോൺ ചാർജ്ജ് ഒടുക്കിയതിനും രേഖകൾ ഹാജരാക്കിയില്ല. | 1-37 |
| 40 | മണിയാർ സ്കൂൾ മെയിന്റനൻസ്- രേഖകൾ ഹാജരാക്കിയില്ല | 1-38 |
| 41 | ബഡ്സ് സ്കൂൾ - വാഹനവാടക - ക്വട്ടേഷൻ ക്ഷണിക്കാതെ കരാർ പുതുക്കി നൽകി- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-39 |
| 42 | പ്രോഫോർമ ഇൻവോയ്സിലെ സ്പെസഫിക്കേഷനിൽ നിന്നും കുറഞ്ഞ ലാപ് ടോപ്പ് ഉയർന്ന നിരക്കിൽ സപ്ലൈ ചെയ്തു. | 1-40 |
| 43 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) - തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 1-41 |
| 44 | കോവിഡ് പ്രതിരോധ പ്രവർത്തനം - സ്റ്റെപ്പ് ഡൗൺ ആംബുലൻസ് സംവിധാനം എർപ്പെടുത്തിയത് - ക്വട്ടേഷനിൽ പങ്കെടുക്കാത്ത വ്യക്തിക്ക് തുക നൽകി | 1-42 |

| | | |
|---|---|---|
| 45 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - പദ്ധതി നിർവഹണത്തിലും പർച്ചേസ് നടപടിക്രമങ്ങളിലും അപാകത | 1-43 |
| 46 | പുനലൂർ താലൂക്ക് ആശുപത്രി ഇലക്ട്രോ മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ - പർച്ചേസുകളുടെ നിരക്ക്, പ്രോക്യൂർമെന്റ് കമ്മിറ്റി /മുനിസിപ്പൽ കൗൺസിൽ അംഗീകാരം വാങ്ങുന്നില്ല | 1-44 |
| 47 | വേ ബില്ലിൽ ഓടിയ ദൂരം രേഖപ്പെടുത്താതെ വാഹന വാടക നൽകുന്നു- 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-45 |
| ഭാഗം **2** | | |
| 1 | കെട്ടിടത്തിന് തെറ്റായ റോഡിന്റെ തരം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 2-1 |
| 2 | ലേലയിനങ്ങൾക്ക് ജി എസ് ടി ഈടാക്കിയില്ല | 2-2 |
| ഭാഗം **3** | | |
| 1 | മരാമത്ത് പ്രവൃത്തി : പ്രവൃത്തി മൂല്യത്തിലും അധികമായി തുക പിൻവലിച്ചു; 1,04,212/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| 2 | നിർമ്മാണം പൂർത്തിയാക്കാത്ത ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിലെ സെക്യൂരിറ്റി നിയമനം : ചെലവു നിരാകരിക്കുന്നു. | 3-2 |
| 3 | മരാമത്ത് പ്രവൃത്തികൾ - ബിൽ തുകയിൽനിന്നും അധികരിച്ച് ചെലവ് ചെയ്തു. | 3-3 |
| 4 | അനുപൂരക പോഷകാഹാരം - ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം നൽകി. | 3-4 |
| 5 | മെറിറ്റോറിയസ് സ്കോളർഷിപ്പ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു. | 3-5 |
| 6 | കോവിഡ് പ്രതിരോധ പ്രവർത്തനം - സ്റ്റെപ്പ് ഡൗൺ ആംബുലൻസ് സംവിധാനം എർപ്പെടുത്തിയത് - ക്വട്ടേഷനിൽ പങ്കെടുക്കാത്ത വ്യക്തിക്ക് തുക നൽകി | 3-6 |
| 7 | ബയോഫ്ലോക്ക് മത്സ്യകൃഷി- സബ്സിഡി മാർഗ്ഗരേഖപ്രകാരം അനുവദനീയമായതിലും അധികമായി നൽകിയ തുക നിരാകരിയ്ക്കുന്നു. | 3-7 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |
| 4 | അനുബന്ധം 4 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

25.2.21തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24.3.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.22 | 30.7.22 | - | - |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ - വിശദീകരണം / തുടർനടപടികളുടെ വിവരം ലഭ്യമാക്കണം

1) ബി 21ഷെഡ്യൂളിൽ നെഗറ്റീവ് സംഖ്യകൾ പ്രൊവിഷൻസായി ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

2) ബി 14പ്രകാരം സ്റ്റോക്ക് ഇൻ ഹാൻഡ് പർച്ചേസ് ഓഫ് മെറ്റീരിയൽ സ്റ്റോർ ആയി ചേർത്തിരിക്കുന്ന 36,200/- രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

3) B-4 ഷെഡ്യൂളിൽ താഴെ പറയുന്ന തുകകളുടെ വരവ് വിവരങ്ങൾ, തുക സൂക്ഷിക്കുന്ന ബാങ്ക് അക്കൌണ്ട് എന്നീ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് നമ്പർ | ഇനം | തുക (₹) |
|---|---|---|
| 320100100 | Grants Contributions Central Government | 1,41,35,940/- |
| 320200206 | Fund For Transferred Institutions Health-capital | 17,50,000/- |
| 320200209 | Fund For Transferred Institution-education Capital | 26,62,000/- |

4) Secured Loans എന്ന ഹെഡിൽ ചേർത്തിരിക്കുന്ന തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകകളുടെ വിവരങ്ങൾ കൃത്യമല്ല.

| ഇനം | വാർഷികകണക്കുകൾ പ്രകാരമുള്ള തുക (₹) | ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള തുക (₹) |
|---|---|---|
| Loan From Financial Institution | -1,76,44,000/- | 13,44,627/- (ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം) |
| Loan From KURDFC | 1,35,79,146/- | 5,48,550/- |
| Loan From HUDCO | 13,36,31,666/- | രേഖകൾ ലഭ്യമാക്കിയിട്ടില്ല |

5) താഴെ പറയുന്ന B-11 Capital Work In Progressൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ വിവരങ്ങൾ പരിശോധിക്കാനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് | ഇനം | തുക (₹) |
|---|---|---|
| 412010100 | Capital Work In Progress Muncipal Fund | 53,06,234/- |
| 412100100 | Capital Work In Progress Development Fund | 6,42,44,153/- |
| 412100500 | Capital Work In Progress Fund For Transferred Institution | 1,60,47,625/- |
| 412210900 | Capital Work In Progress-other Specified Grants | 43,22,302/- |
| 412200100 | Capital Work In Progress Special Funds | 78,10,127/- |

6) B-9 Other Liabilites എന്ന പേരിൽ രേഖപ്പെടുത്തിയിരിക്കുന്ന അടയ്ക്കാനുള്ള/തിരികെ നൽകാനുള്ള തുകകൾ

നെഗറ്റീവ് ബാലൻസായി ചേർത്തിരിക്കുന്നു.

| ഹെഡ് നമ്പർ | ഇനം | തുക (₹) (-) |
|---|---|---|
| 350200117 | Group Saving Life Insurance/Arrear Of GSLI | 29,013/- |
| 350200122 | Recoveries Payable Accident Compensation Recovery | 8,500/- |
| 350200129 | Recovery Payable -Contributory Pension | 17,33,600/- |
| 350200130 | Recoveries Payable -EPF | 2,62,736/- |
| 350200201 | Recoveries Payable-income Tax Deducted At Source -Muncipal Fund | 7,349/- |
| 350200203 | Recoveries Payable Income Tax Deducted At Source -Special Funds | 94,636/- |
| 350200214 | Recoveries Payable-kerala Constructions Workers Welfare Fund Muncipal Fund | 65,876/- |
| 350200215 | Recoveries Payable-kerala Constructions Workers Welfare Fund -Specific Grants | 34,993/- |
| 350200216 | Recoveries Payable Kerala Constructions Workers Welfare Fund -Special Funds | 51,507/- |
| 350200217 | Recoveries Payable - Kerala Constructions Workers Welfare Fund -Scheme Expenditure | 22,406/- |
| 350200301 | Recoveries Payable-COVID | 5,55,668/- |
| 350300710 | Government And Other Dues Payable TDS-CGST | 1,09,256/- |
| 350300810 | Government And Other Dues Payable TDS-SGST | 1,12,912/- |
| 350309900 | Others Payable | 8,724/- |

7) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ (HDFC 2217) ബാക്കി നിൽക്കുന്ന തുക 3,40,38,812/-രൂപയാണ്. എന്നാൽ ബി 4 ഷെഡ്യൂളിൽ ലയബിലിറ്റി ഹെഡിൽ ബാക്കി നിൽക്കുന്ന തുക 3,66,38,829/-രൂപയാണ്. 26,00,017/- രൂപയുടെ വ്യത്യാസം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഫണ്ട് വിനിയോഗം തമ്മിലുള്ള നീക്കുബാക്കിയും ബി 4 ഷെഡ്യൂളിലുള്ള നീക്കുബാക്കിയും തമ്മിൽ 4,58,808/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

8) ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന 91,72,741/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. വാർഷിക കണക്കുകൾ പ്രകാരം ചെലവ് 5,53,400/- രൂപയാണ്. എന്നാൽ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം 7,50,000/-രൂപയാണ് ഗുണഭോക്തൃവിഹിതമിനത്തിലെ ചെലവ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

9) EARN MARKED FUND എന്ന പേരിൽ ചേർത്തിരിക്കുന്ന താഴെ പറയുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് | ഇനം | തുക (₹) |
|---|---|---|
| 311100100 | Poverty Allivation Fund | 3,61,72,278/- |
| 311710100 | MP/MLA Fund | 31,05,372/- |

10) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ചേർത്തിരിക്കുന്ന വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

11) Investments Equity Shares എന്ന പേരിൽ ചേർത്തിരിക്കുന്ന 6,27,500/-രൂപയുടെ കൃത്യത ബോധ്യപ്പെടാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12) NULM ക്രയവിക്രയങ്ങൾക്കായുള്ള ICICI ബാങ്കിന്റെ 163601000472 നമ്പർ അക്കൗണ്ടിന്റെ മുൻബാക്കി, നീക്കുബാക്കി എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

| | വാർഷികകണക്കുകൾ പ്രകാരം (₹) | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം (₹) |
|---|---|---|
| മുൻബാക്കി | -2,29,452/- | 1,36,51,843/- |

| | | |
|---|---|---|
| നീക്കബാക്കി | -1,39,67,514/- | -3/- |

വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

13) B-15 Sundry Debtors-Receivables എന്ന പേരിൽ നെഗറ്റീവായി ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

| ഹെഡ് | ഇനം | തുക (₹) (-) |
|---|---|---|
| 431400105 | Rent Receivables From Guest House (Current) | 37,430/- |
| 431800110 | Receivable For Service Cess(current) | 17,18,326/- |
| 431800130 | Receivable For Surcharge On Property Tax(current) | 3,912/- |
| 431800140 | Receivable For Surcharge On Property Tax(arrear) | 902/- |
| 431800601 | Rent Receivable From Building (Current) | 11,025/- |

14) B-18 എന്ന ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന Loans And Advances And Deposits ഇനത്തിൽ ചേർത്തിരിക്കുന്ന തുകയുടെ വിവരങ്ങൾ, പരിശോധിക്കാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ഹെഡ് | ഇനം | തുക (₹) |
|---|---|---|
| 460100100 | Housing Loan To Employees | -776/- |
| 460100400 | Festival Advance To Employees | -2,74,600/- |
| 460100500 | Standing Advance | 15,741/- |
| 460100700 | Miscellaneous Advance | 20,39,157/- |
| 460100800 | Marriage Loan | 3,500/- |
| 460600300 | Water Deposits | 1,00,000/- |

15) B-19 എന്ന ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന Deposit Work-Expenditure ഇനത്തിൽ 66,98,187/-രൂപയാണ് ചേർത്തിരിക്കുന്നത്. എന്നാൽ യഥാർത്ഥ ചെലവായി സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ഉള്ള ചെലവ് 2,40,00,000/-രൂപയാണ്.

16) RP-9, 180809900 എന്ന ഹെഡിൽ Miscellaneous Receipts എന്ന പേരിൽ ചേർത്തിരിക്കുന്ന 785895/-രൂപയുടെ വരവ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

17) 2021-22 വർഷത്തിൽ പൂർത്തീകരിച്ചിട്ടുള്ളതും ഭാഗികബില്ലുകളായി തുക നൽകിയിട്ടുള്ളതുമായ മരാമത്ത് പ്രവൃത്തികളുടെ ആദ്യ ഭാഗികബില്ലുകളിൽ നിന്നും റിറ്റൻഷൻ (2.5%) ഈടാക്കി തനത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും ആയത് അവസാന ബിൽ തുകയ്ക്കൊപ്പം തിരികെ നൽകി കാണുന്നില്ല. എന്നാൽ ഇത്തരത്തിൽ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകളുടെ കണക്കുകൾ ഒന്നും തന്നെ സ്ഥാപനം സൂക്ഷിക്കുന്നില്ല.

18) RP-24, 320809900 എന്ന ഹെഡിൽ Other Grants & Contributions For Specific Purpose എന്ന പേരിൽ ചേർത്തിരിക്കുന്ന 1,09,10,499/- രൂപയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

19) ഇംപ്രസ്റ്റ് അക്കൗണ്ട് വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

20) ഓഡിറ്റ് റിക്കവറി വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

21) RP-40(a), RP-40(b) എന്നിവയിലുൾപ്പെട്ടിട്ടുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയിരിക്കുന്ന വാർഷികകണക്കുകൾ പ്രകാരം മുൻസിപ്പാലിറ്റിക്ക് നിലവിൽ 21 ബാങ്ക് അക്കൗണ്ടുകൾ ആണ് ഉള്ളത്. ആയതിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ബാങ്ക് അക്കൗണ്ടിന് മാസാന്ത്യ വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി വാർഷികകണക്കുകളും ആയി പൊരുത്തപ്പെടുത്തി സെക്രട്ടറി, അക്കൗണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ നീക്കുബാക്കിയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

22) AUEGS തൊഴിലാളികളുടെ വേതനം, ചെലവ് വിശദാംശങ്ങൾ എന്നിവ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല. നികുതി-നികുതിയേതര വരുമാനങ്ങളുടെ രജിസ്റ്ററിൽ DCB സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,12,50,308/-രൂപ |
| വരവ് | 29,23,47,737/-രൂപ |
| ആകെ | 34,35,98,045/-രൂപ |
| ചെലവ് | 28,62,96,010/-രൂപ |
| നീക്കിയിരിപ്പ് | 5,73,02,035/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | 11,255/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19,58,552/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,00,04,840/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി (₹) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 59421171/- | 59421171/- | 49933605/- | 9487566/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 21889699/- | 21889699/- | 14707959/- | 7181740/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 881000/- | 881000/- | 659338/- | 221662/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 48847000/- | 48847000/- | 36435730/- | 12411270/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 28809573/- | 28809573/- | 22350780/- | 6458793/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) (ACR പ്രകാരം) | | - | 29337000/- | 29337000/- | 8627330/- | 20709670/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | | - | 19873757/- | 19873757/- | 6085807/- | 13787950/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | | - | 31404787/- | 31404787/- | 23361039/- | 8043748/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | | - | 12278523/- | 12278523/- | 6634627/- | 5643896/- |
| എ.യു.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | രേഖകൾ ഹാജരാക്കിയിട്ടില്ല | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | | | | |

കേന്ദ്രാവിഷ്കൃത പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ എന്നിവയുടെ വരവു ചെലവുകൾ AFS, രജിസ്റ്ററുകൾ എന്നിവയുമായി പരിശോധിച്ച് ഉറപ്പാക്കാനുള്ള യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 276 | 381776651/- | 189 | 169655929/- | - | 87 | 68 |

## 1-6 തൊഴിലുറപ്പ് പദ്ധതി (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്)

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7,43,900/- | 1,00,00,000/- | 1,07,43,900/- | 1,04,18,761/- | 3,25,139/- |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) |
|---|---|
| തൊഴിൽരഹിത വേതനം | - |
| കർഷകതൊഴിലാളി പെൻഷൻ | 95,25,600/- |
| വിധവാ പെൻഷൻ | 5,22,75,500/- |
| വാർദ്ധക്യകാല പെൻഷൻ | 8,93,07,700/- |
| വികലാംഗ പെൻഷൻ | 1,21,21,900/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 12,52,400/- |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക 92,800/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

മരണം രജിസ്റ്റർ ചെയ്യുന്നതിനായി നഗരസഭയിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | രാജേശ്വരി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 101770206042 | 21.05.2021 | 06/21 To 09/22 | 22,400/- |
| 2 | സിർലി ജോൺസൺ | വിധവാ പെൻഷൻ | 101770602278 | 02.08.21 | 08/21 To 11/22 | 25,600/- |
| 3 | പുഷ്പവതി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 101770202509 | 02.02.2022 | 02/22 To 04/22 | 4,800/- |
| 4 | പി.വി. എഡിസൺ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 101770202521 | 29.04.2022 | 05/22 To 06/22 | 3,200/- |
| 5 | സരോജിനി | വിധവാ പെൻഷൻ | 10177060949 | 24.07.21 | 08/21 To 05/22 | 16,000/- |
| 6 | കുഞ്ഞിക്കുട്ടി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 101770200449 | 29.12.2021 | 01/22 To 11/22 | 19,200/- |
| 7 | റംലാ ബീവി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 101770602589 | 27.02.2021 | 03/21 To 05/22 | 1,600/- |

| | |
|---|---|
| ആകെ | 92,800/- |

92,800/- രൂപ പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് .

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്യാൻ സാധ്യതയുണ്ട്. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. അതേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ മരണം രജിസ്റ്റർ ചെയ്താലും മരണപ്പെട്ട വ്യക്തി സുരക്ഷ പെൻഷൻ വാങ്ങുന്നയാളായിരുന്നു എന്ന് തിരിച്ചറിയുക ശ്രമകരവുമാണ്. ഈ സാഹചര്യത്തിൽ 23.09.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020 ധനം ഉത്തരവ് ഖണ്ഡിക 12 പ്രതിപാദിക്കുന്ന (മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കുക) നടപടിക്രമം പാലിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 12/24.04.23

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് പരിശോധനയിൽ 13.08.2023 ൽ 1,02,714/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു. ക്യാഷ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതയുടെ വിശദാംശങ്ങൾ ഖണ്ഡിക 1-12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പൽ ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുന്നില്ല. സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കാത്തതിനാലും, ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്നതിനാലും ചെലവുകണക്കുകളുടെ കൃത്യത പൂർണ്ണമായും ഉറപ്പുവരുത്താൻ കഴിയാത്ത സ്ഥിതി നിലനിൽക്കുന്നു. കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസം പരിശോധിച്ച് അംഗീകരിക്കുന്നതായി രേഖയില്ല. കണക്കുകൾ അതാത് മാസം പരിശോധിച്ച് അംഗീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിലവിൽ സൂക്ഷിക്കുന്നില്ല. വാർഷിക കണക്കുകളിൽ ഗുരുതരമായ അപാകതകൾ ഉള്ളതായി ഓഡിറ്റിൽ വ്യക്തമായി. ഏതാനും നീക്കിയിരുപ്പുതുകകൾ നെഗറ്റീവ്(-) ആയി വാർഷിക കണക്കിൽ ചേർത്തിരിക്കുന്നത് കൃത്യമല്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിലെ ഇത്തരത്തിലുള്ള അപാകതകൾ, എത്രത്തോളം ധാരണ ഇല്ലാതെയും ഉദാസീനവുമായാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതെന്നും, ആയതിന് അംഗീകാരം നൽകുന്നതെന്നും വ്യക്തമാക്കുന്നു.

ഓഡിറ്റ് വേളയിൽ ക്യാഷ് കൗണ്ടറിൽ നടത്തിയ ഭൗതിക പരിശോധനയിൽ, ക്യാഷ് ബുക്ക് സമ്മറി പ്രകാരം ക്യാഷ് ചെസ്റ്റിൽ ഉണ്ടാകേണ്ട 99,002/-രൂപ കാണാൻ കഴിഞ്ഞില്ല. തുടർന്നു നടത്തിയ വിശദ പരിശോധനയിൽ മുൻകാലങ്ങളിൽ കൃത്യമായി കോൺട്രാ എൻട്രികൾ നടത്താത്തതുമൂലവും, ക്യാൻസൽ ചെയ്യുന്ന രസീതുകൾ എൻട്രികൾ വരുത്താത്തതു മൂലവുമാണ് ഇത്തരത്തിൽ നീക്കിയിരിപ്പുണ്ടായിട്ടുള്ളതെന്ന് വ്യക്തമായി. തുകയിലെ വ്യത്യസം ഭാഗികമായി മാത്രമാണ് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. ക്യാഷ്യറുടെയും, മേൽനോട്ടച്ചുമതലയുള്ള സൂപ്രണ്ടിന്റെയും ഭാഗത്തുനിന്നും ഗുരുതര കൃത്യവിലോപമുണ്ടായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

റോഡ്കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ചട്ടപ്രകാരം കാലികമാക്കി സൂക്ഷിക്കുന്നില്ല.

സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്ക്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ മിക്ക ഫയലുകളിലും വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടുള്ളതായി രേഖയില്ല.മരാമത്ത് പ്രവൃത്തികളുടെ മിക്ക ഫയലുകളിലും സാങ്കേതികാനുമതി പത്രം, എസ്റ്റിമേറ്റ് എന്നിവ സൂക്ഷിക്കുന്നില്ല. ഫയലുകൾ പൂർണ്ണമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും, നഗരസഭയുടെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും ഭേദപ്പെട്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി നഗരസഭയിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1/7/19 -3/7/19 | 2013-14 മുതൽ 2018-19 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4/3/21-31/3/21 | 19-20 മുതൽ 20-21വരെ | 16/8/21 |

## 1-11 കെട്ടിടത്തിന് തെറ്റായ റോഡിന്റെ തരം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി

ശ്രീ. ബിദ്ദു കെ ജി,കെ പി ടവേഴ്സ്, ചെമ്മണ്ണൂർ എന്ന വ്യക്തിയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (പെർമിറ്റ് നം BAE3-127/18-19) നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന് 311/1 മുതൽ 311/14, വരെ 14 നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിക്കുന്നതിനായി സമർപ്പിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാനിലെ Location Plan പ്രകാരം 6മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ് പ്ലോട്ടിലേയ്ക്ക് Access കാണിച്ചിരിക്കുന്നത്. എന്നാൽ പ്രാഥമിക മേഖല, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് വിവരം<br>കെട്ടിട നമ്പർ | കണക്കാക്കിയ വസ്തുനികുതി (₹) | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (₹) | വസ്തു നികുതി ഈടാക്കിയതിലെ കുറവ് (₹) |
|---|---|---|---|---|
| 1 | ശ്രീ. ബിദ്ദു കെ ജി, കെ പി ടവേഴ്സ്, ചെമ്മണ്ണൂർ<br>311/1 -311/7 (7 Shop കളും 20.25 ച.മി വീതം) (വാണിജ്യാവശ്യം)<br>20.25 ച.മിx80<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി 1,620/-<br>............................<br>ആകെ -1863/-(LC, 10% SC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി 1620/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 324/-<br>............................<br>ആകെ -2,236/-<br>(LC, 10% SC ഉൾപ്പെടെ) | 373 X 7= 2611/-<br>[(2236-1863)x7] |
| 2 | 3311/8 -311/13 (6 Shop കളും 20.25 ച.മി വീതം)<br>20.25 ച.മിx60<br>(ഓഫീസ് ആവശ്യം)<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി- 1215/-<br>............................<br>ആകെ -1398/-(LC, 10% SC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി 1215/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 243/-<br>............................<br>ആകെ -1677/-<br>(LC, 10% SC ഉൾപ്പെടെ) | 279/- X 6= 1674/-<br>[(1677-1392)x6] |

| | | | | |
|---|---|---|---|---|
| 3 | 311/14<br>174.83ച.മിx80<br>(വാണിജ്യാവശ്യം)<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി-13987/-<br>............................<br>ആകെ -16085/-(LC, 10% SC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി-13987/-<br>2.വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 2798/-<br>............................<br>ആകെ -19303/-<br>(LC, 10% SC ഉൾപ്പെടെ) | 19303-16085<br>= 3,218/- |
| ആകെ വസ്തുനികുതിയിൽ കുറവുണ്ടായ തുക | | | | 7,503/- |

റോഡിന്റെ തരം തെറ്റായി കാണിച്ചതുമൂലം പ്രതിവർഷം 7503/- രൂപ മുൻസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം വരുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരം 12.03.2021 ൽ പണിപൂർത്തീകരിച്ച മേൽ കെട്ടിടം 2020 Second Half (Rs.3752/-രൂപ ഒരു അർദ്ധ വർഷം) മുതലാണ് നികുതി അടവാക്കിയിരിക്കുന്നത്. ആയതിനാൽ 2020 Second Half 3752/-രൂപയും, 2021 -22 സാമ്പത്തിക വർഷം ഉൾപ്പെടെ ആകെ 11255/- (3752+7503) രൂപ മുൻസിപ്പാലിറ്റിയ്ക്ക് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

റോഡിന്റെ തരം തെറ്റായി കാണിച്ച് വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും 11,255/- രൂപ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 20.04.2023

വരവ് നഷ്ടം - 11,255/- രൂപ

## 1-12 ക്യാഷ് ബാലൻസ് പരിശോധന – അപാകതകൾ

13.4.2023 ൽ ഫ്രണ്ട് ഓഫീസിൽ നടത്തിയ ക്യാഷ് ബാലൻസ് പരിശോധനയിൽ 1,02,714/- രൂപയുടെ കൗണ്ടർ കളക്ഷനുണ്ട്. അന്നേ ദിവസത്തെ ക്യാഷ് ബുക്ക് സമ്മറി പ്രകാരം ക്ലോസിങ് ബാലൻസ് 2,90,270/-രൂപയാണ് (കൗണ്ടർ കളക്ഷൻ തുകയായ 1,02,714/- രൂപ ഉൾപ്പെടെ). ഓപ്പണിങ് ബാലൻസ് 1,87,556/- രൂപയാണ് ആയതിൽ 88,554/- രൂപ 12.4.2023 ലെ കൗണ്ടർ കളക്ഷൻ തുകയാണ് എന്നാൽ 99,002/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് താഴെപ്പറയും പ്രകാരം പരിഹരിച്ചിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി.

1) 22.3.2023ലെ കൗണ്ടർ കളക്ഷൻ ആയ 120254/- രൂപയ്ക്ക് കോൺട്രാ എൻട്രി വരുത്തിയിട്ടില്ല. ആയത് 23.4.2023 ൽ Contra Voucher No 32200288 പ്രകാരം Contraഎൻട്രി വരുത്തിയിട്ടുള്ളതുമാണ്.

2) കൗണ്ടർ കളക്ഷൻ പ്രകാരം ലഭിച്ച 16,064/- രൂപ 03.4.23 ൽ കോൺട്രാ വൗച്ചർ നമ്പർ 32300002, 10.4.23ൽ 32300003 പ്രകാരവും രണ്ട് പ്രാവശ്യം കോൺട്രാ എൻട്രി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആയതിൽ 10,4.2023 ലെ രേഖപ്പെടുത്തൽ 23.4.23 റിവേഴ്സ് കോൺട്രാ എൻട്രി നൽകി പരിഹരിച്ചിട്ടുള്ളതാണ്.

3) 10.02.222ലെ Cancelled റെസീപ്റ്റ് പ്രകാരമുള്ള 5,188/- (Rt No 121010107658) രൂപ ബാങ്കിൽ ഒടുക്കവരുത്തിയത് മൂലമാണ് 5,188/- രൂപയുടെ വ്യത്യാസം ഉണ്ടായിട്ടുള്ളത്. ഇത് പ്രൊഫഷണൽ ടാക്സ് എംപ്ലോയീസ് ഇനത്തിൽ Interrupted Receipt ചെയ്ത് പരിഹരിക്കാവുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

കൗണ്ടർ കളക്ഷൻ തുക ബാങ്കിൽ ഒടുക്കവരുത്തിയ ദിവസം തന്നെ കോൺട്രാ എൻട്രി നടത്തണമെന്നിരിക്കെ ദിവസങ്ങൾക്ക് ശേഷം കോൺട്രാ എൻട്രി നടത്തുന്നത് ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. മേൽ രീതി അവലംബിക്കുന്നതാണ് കോൺട്രാ എൻട്രിയിൽ ഇരട്ടിപ്പ് വരാൻ കാരണമായിട്ടുള്ളത്. കൂടാതെ പ്രോഫഷണൽ ടാക്സ് വരവിനത്തിൽ ക്യാൻസൽ ചെയ്ത രസീത് പ്രകാരമുള്ള തുക ബാങ്കിൽ ഒടുക്ക് വരുത്തിയത് കൃത്യവിലോപമാണ്. 5,188/- രൂപയുടെ വ്യത്യാസം പ്രൊഫഷണൽ ടാക്സ് എംപ്ലോയീസ് ഇനത്തിൽ Interrupted Receipt ചെയ്ത് പരിഹരിക്കാവുന്നതാണെന്ന് മറുപടി അംഗീകരിക്കാൻ കഴിയില്ല. അപ്രകാരം 5,188/- രൂപയുടെ വ്യത്യാസം പരിഹരിക്കുന്നത് അസാദ്ധ്യമാണ്. ആയതിനാൽ പ്രസ്തുത അപാകത നിലനിൽക്കുന്നു.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പാലിക്കാതെ ജീവനക്കാരുടെ ഭാഗത്തുനിന്നും ഗുരുതര വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

ആയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകതകൾ മേൽനോട്ടത്തിലുള്ള പിഴവിലേയ്ക്കും ആഭ്യന്തര സംവിധാനത്തലെ പോരായ്മയിലേയ്ക്കുമാണ് വിരൽചൂണ്ടുന്നത്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തേണ്ടതും കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമായ പ്രവർത്തന രീതി ജീവനക്കാർ അവലംബിക്കേണ്ടതുമാണ്. പരാമർശ വിഷയങ്ങളിൽ ബഹു: മുൻസിപ്പൽ കൗൺസിലിന്റെ സഗൗരവ ശ്രദ്ധ ക്ഷണിക്കുന്നു. വരവ് തുകകളുടെ ക്രമപ്രകാരമുള്ള വിനിമയമടക്കമുള്ള വിഷയങ്ങൾ പരിശോധിച്ച് തുടർനടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 4/19.04.2023

## 1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിലുള്ള കൃത്യമായ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാന്റ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ പേരും, രസീത് നമ്പരും ഒടുക്കിയ ആകെ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പേര് വിവരങ്ങൾ, തസ്തിക, അർദ്ധവാർഷികവരുമാനം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ ക്രമത്തിൽ റിട്ടേണുകൾ സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലെ തുകയുടെ കൃത്യത വാർഷിക ധനകാര്യ പത്രികയുമായി പരിശോധിച്ച് ഉറപ്പു വരുത്തുവാനാകുന്നില്ല.

1. ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2021-22 വർഷം തൊഴിൽ നികുതി ഒടുക്കു വരുത്തിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | സബ് ഗ്രൂപ്പ് ഓഫീസ്, ഭരണിക്കാവ് ദേവസ്വം | I, II |
| 2. | തായ് ലക്ഷ്മി തിയേറ്റർ | I, II |
| 3. | അപ്പാവു സുന്ദരം ആൻഡ് സൺസ് | I, II |
| 4. | ടി.വി.ടി.എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ | I, II |
| 5. | കേരള ലാറ്റക്സ് ലിമിറ്റഡ് | I, II |
| 6. | എസ്.സി. ഡവലപ്മെന്റ് നഴ്സറി സ്കൂൾ | II |
| 7. | സബ് ഗ്രൂപ്പ് ഓഫീസ് അഷ്ടമംഗലം ദേവസ്വം | I, II |
| 8. | കേരള ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ | I, II |
| 9. | റൂറൽ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | I, II |
| 10. | വാസന്തി ടയർ വർക്സ് | I, II |
| 11. | കോട്ടയ്ക്കൽ ആര്യവൈദ്യശാല | I, II |
| 12. | വൈറ്റ് പേൾ | I, II |
| 13. | പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി | II |
| 14. | ജോസ് രാജ് & കമ്പനി | I, II |
| 15. | രാംരാജ് തിയേറ്റർ | I, II |
| 16. | വിജയ് കൃഷ്ണ ബാങ്ക് | II |
| 17. | മുത്തൂറ്റ് മിനി ഫിനാൻസ് | I, II |
| 18. | ഇടിമണ്ണിക്കൽ ജ്വല്ലറി | I, II |
| 19 | ധന്യാ സൂപ്പർ മാർക്കറ്റ് | I, II |
| 20 | മുത്തൂറ്റ് മിനി ഫിനാൻസ് | I, II |
| 21. | സെൻറ് തോമസ് ഹോസ്പിറ്റൽ | II |
| 22. | എസ് സി എസ് ടി കോഓപ്പറേറ്റീവ് സൊസൈറ്റി | I, II |
| 23. | ജോസഫ് സെബാസ്റ്റ്യൻ കമ്പനി | I, II |
| 24. | ജയഭാരതം മെന്റൽ ഹോസ്പിറ്റൽ | I, II |
| 25. | പ്രീമെട്രിക് ഹോസ്റ്റൽ | II |
| 26. | ഫാത്തിമാ പബ്ലിക് സ്കൂൾ | II |
| 27. | കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ | II |

2. 1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, കരാറുകാർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ തുടങ്ങിയവരിൽ നിന്ന് 1,250/-രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭാ പരിധിയിലുള്ള മേൽ പ്രതിപാദിച്ചവരിൽ നിന്നും 2021-22 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. 1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3-2 (9) പ്രകാരം വാടകയ്ക്ക് അല്ലെങ്കിൽ സ്റ്റേജ് കാരിയേജ് അല്ലെങ്കിൽ ഗുഡ്സ് കാരിയേജായി ഓടുന്നതിന് പെർമിറ്റ് അനുവദിക്കപ്പെട്ടിട്ടുള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, നഗരസഭയിൽ തൻവർഷം ഇപ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4. 1994 കേരള മുനിസിപ്പൽ ആക്ട്, വകുപ്പ് 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം സെക്രട്ടറി 1-ാം നമ്പർ ഫാറത്തിലുള്ള നോട്ടീസ് മൂലം ആവശ്യപ്പെട്ടതനുസരിച്ച് ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടേയോ ഉടമസ്ഥനോ അല്ലെങ്കിൽ കൈവശക്കാരനോ ഹോട്ടലിന്റെയോ ബോർഡിംഗിന്റെയോ ലോഡ്ജിംഗ് ഹൗസിന്റെയോ ക്ലബ്ബിന്റെയോ താമസത്തിനുള്ള മുറികളുടെയോ ഏതൊരു

നടത്തിപ്പുകാരോ അല്ലെങ്കിൽ മാനേജരോ, കെട്ടിടമോ, ഭൂമിയോ, ഹോട്ടലോ, ബോർഡിംഗോ, ലോഡ്ജിംഗ് ഹൗസ് ക്ലബ്ബോ താമസത്തിനുള്ള മുറികളോ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേരും അടങ്ങിയിട്ടുള്ളതും, അങ്ങനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക എന്തെങ്കിലും കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വെയ്ക്കുന്ന കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ള ഒരു ലിസ്റ്റ് II-ാം നമ്പർ ഫാറത്തിൽ നോട്ടീസിൽ പറഞ്ഞിട്ടുള്ള സമയ പരിധിക്കുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ ചട്ട പ്രകാരം ഫോറം I ലുള്ള നോട്ടീസോ, II-ാം നമ്പർ ഫാറത്തിലുള്ള ലിസ്റ്റുകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതു കൂടാതെ ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങിയ തൊഴിൽ വിഭാഗങ്ങളിൽപ്പെട്ടവരിൽനിന്ന് നഗരസഭ തൊഴിൽനികുതി ഈടാക്കിയതായി രേഖയില്ല.

ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമായതിനാലും, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാലും നഗരസഭയിലെ തൊഴിൽ നികുതി ഇനത്തിലുള്ള പിരിവിന്റെയും കുടിശ്ശിക ഇനത്തിലുള്ള തുകയുടെയും കൃത്യത ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. നികുതി ഒടുക്കുവരുത്തുവാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ/സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9 / 20.04.23

## 1-14 സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയില്ല

തൻവർഷത്തെ തൊഴിൽ നികുതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | എസ്.സി.എസ്.ടി. സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | I, II |
| 2. | രാംരാജ് തിയേറ്റർ | I, II |
| 3. | കൃപാ മോട്ടോഴ്സ് | I, II |
| 4. | മുളമൂട്ടിൽ കൺസ്യൂമർ ക്രഡിറ്റ്സ് | I, II |
| 5. | ധനലക്ഷ്മി ബാങ്ക് | I, II |
| 6. | കുളത്തുങ്കൽ മോട്ടോഴ്സ് | I, II |

നികുതി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന മറുപടി ലഭ്യമാക്കി. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245 വകുപ്പിലേയും 2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതി അടവാക്കേണ്ടതാണ്. സ്ഥാപനതൊഴിൽ നികുതി ഒടുക്കു വരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 11/24.04.23

## 1-15 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകതകൾ

### 1) മൂലധന നിക്ഷേപം പരിശോധിക്കാതെ ലൈസൻസ് ഫീസ് നിശ്ചയിക്കുന്നു .

30.10.2020 തീയതിയിലെ സ. ഉ.(പി.) നം. 62/2020/ത.സ്വ.ഭ.വ., എസ്.ആർ.ഒ. നം. 857/2020 എന്നിവ പ്രകാരമുള്ള 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ഭേദഗതി പ്രകാരം ചുമത്താവുന്ന

വാർഷിക ഫീസ് നിരക്ക് ചട്ടം 7 ന്റെ പട്ടിക III ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

| മൂലധന നിക്ഷേപം | ഈടാക്കാവുന്ന ലൈസൻസ് ഫീസ് (₹) |
|---|---|
| 10 ലക്ഷം രൂപ വരെ | 500/- |
| 25 ലക്ഷം രൂപ വരെ | 1,000/- |
| 2 കോടി രൂപ വരെ | 5,000/- |
| 5 കോടി രൂപ വരെ | 10,000/- |
| 5 കോടി രൂപയിൽ കൂടുതൽ | 15,000/- |

ഇതു പ്രകാരം വലിയ മുതൽമുടക്കുള്ള സ്ഥാപനങ്ങളിൽനിന്ന് ആനുപാതികമായ ഫീസ് ഈടാക്കാമെന്നിരിക്കെ, മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ അല്ലാതെ നഗരസഭ കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നു.

2) <u>നഗരസഭാ പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല.</u>

കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 447, 448, 449 പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാനോ, കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കാനോ പാടില്ല.

നഗരസഭയിലെ 35 റവന്യൂ ഡിവിഷനിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് നം | രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 15 | 13 | 2 |
| 2 | 13 | 10 | 3 |
| 3 | 6 | 3 | 3 |
| 4 | 3 | 3 | 0 |
| 5 | 39 | 27 | 12 |
| 6 | 7 | 0 | 7 |
| 7 | 16 | 10 | 6 |
| 8 | 19 | 14 | 5 |
| 9 | 15 | 9 | 6 |
| 10 | 18 | 8 | 10 |
| 11 | 14 | 5 | 9 |
| 12 | 6 | 6 | 0 |
| 13 | 106 | 69 | 37 |
| 14 | 13 | 9 | 4 |
| 15 | 36 | 22 | 14 |
| 16 | 73 | 67 | 6 |
| 17 | 20 | 17 | 3 |
| 18 | 4 | 3 | 1 |
| 19 | 9 | 7 | 2 |
| 20 | 1 | 0 | 1 |
| 21 | 15 | 13 | 2 |
| 22 | 21 | 15 | 6 |

| | | | |
|---|---|---|---|
| 23 | 15 | 14 | 1 |
| 24 | 6 | 4 | 2 |
| 25 | 7 | 3 | 4 |
| 26 | 21 | 16 | 5 |
| 27 | 24 | 15 | 9 |
| 28 | 57 | 32 | 25 |
| 29 | 217 | 159 | 58 |
| 30 | 12 | 12 | 0 |
| 31 | 42 | 41 | 1 |
| 32 | 6 | 6 | 0 |
| 33 | 39 | 38 | 1 |
| 34 | 40 | 38 | 2 |
| 35 | 9 | 9 | 0 |
| ആകെ | 964 | 717 | 247 |

ലൈസൻസ് രജിസ്റ്റർ പ്രകാരം 247 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. കൂടാതെ തൊഴിൽ നികുതിയുടെ വാർഡ് വൈസ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ എണ്ണവും ലൈസൻസിന്റെ വാർഡ് വൈസ് രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല. ഉദാഹരണത്തിന് തൊഴിൽ നികുതി ട്രേഡ്സ് രജിസ്റ്ററിൽ വാർഡ് നം.33 ൽ 543 സ്ഥാപനങ്ങൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്ററിൽ സ്ഥാപനങ്ങളുടെ എണ്ണം 39 ആണ്. മറ്റ് വാർഡുകളിലും മേൽ പൊരുത്തക്കേട് നിലനിൽക്കുന്നു. ട്രേഡ്സ് രജിസ്റ്റർ കാലികമാക്കുന്നില്ല.

3. കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലൈസൻസ് ഫീ അടവാക്കാനുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല. രജിസ്റ്ററിൽ ഡിമാന്റ് കളക്ഷൻ ബാലൻസ്, സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
4. അനുബന്ധ രേഖകളുടെ അഭാവത്തിൽ ലൈസൻസ് നൽകുന്നു.

മതിയായ അനുബന്ധരേഖകളുടെ അടിസ്ഥാനത്തിൽ മാത്രമേ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകാവൂ എന്ന് ലൈസൻസ് ചട്ടങ്ങളിലെ 1-ാം ചട്ടത്തിലെ ഉപചട്ടം (1 എ), (1 ബി) എന്നിവയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പല അപേക്ഷകളിലും എല്ലാ അവശ്യരേഖകളും സമർപ്പിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | സമർപ്പിക്കാതിരുന്ന അവശ്യ രേഖകൾ |
|---|---|---|
| 1 | പ്രണവം ക്യാന്റീൻ | സാനിട്ടേഷൻ സർട്ടിഫിക്കറ്റ്, തൊഴിലാളികളുടെ ഹെൽത്ത് കാർഡ്, വാടക കരാർ, സത്യവാങ്മൂലം |
| 2 | ബിസ്മി ബേക്കറി & റസ്റ്റോറന്റ് | ” |
| 3 | ശ്രീ ഗണേശ് കഫേ | ” |
| 4 | ഇംപീരിയൽ ബേക്കേഴ്സ് | ” |
| 5 | കെയ്യാസ് റസ്റ്റോറന്റ് | “ |
| 6 | യുണീക് സ്പെഷ്യാലിറ്റി മെഡിക്കൽ തൈറോയിഡ് ലാബ് & ഇ.സി.ജി. | പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സാക്ഷ്യപത്രം, |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നും നിലവിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഈടാക്കുന്നതെന്നും മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് ലൈസൻസ് കുടിശിക ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 20/25.04.23

## 1-16 ലേലത്തുക ഈടാക്കാൻ അവശേഷിക്കുന്നു.

മുൻസിപ്പാലിറ്റിയുടെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലേല അവകാശം നൽകിയ ഇനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പേര്, മേൽവിലാസം | ലേല തുക (₹) | ഈടാക്കിയ തുക (₹) (ജാമ്യത്തുക നിരതദ്രവ്യം ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|
| നഗരസഭ കാന്റീൻ | അലൻ ജെ പി കൂടാരത്തിൽ | 185000/- | 76,667/- | 108333/- + ജി എസ് ടി |
| വെട്ടിപ്പുഴ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | തോമസ് ബച്ചൻ ബഥേൽ ഹൗസ് | 85555/- | 82200/- | 3355/-+ ജി എസ് ടി |
| ആകെ | | | | 1,11,688/-+ജി എസ് ടി |

തടസ്സപ്പെടുത്തുന്ന തുക – 10,00,000/-രൂപ

## 1-32 പട്ടിക വർഗ കുട്ടികൾക്ക് പഠനസൗകര്യം പദ്ധതി-നിർവഹണത്തിൽ അപാകത - 5,32,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം -18/2022 ( പട്ടിക വർഗ കുട്ടികൾക്ക് പഠനസൗകര്യം)

അടങ്കൽ (6,81,000/-രൂപ, വികസനഫണ്ട് -എസ്.സി.പി)

നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി

| ബിൽ നം / തീയതി തുക (₹) | ഓണറേറിയം ഇനത്തിൽ ചെലവഴിച്ച തുക (₹) | പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണത്തിന് ചെലവഴിച്ച തുക (₹) | റിമാർക്കസ് |
|---|---|---|---|
| 41/19-08-2021<br>49,500/- | 49,500/- | 0 | 04/2021, 05/2021, 06/2021, 07/2021<br>എന്നീ മാസങ്ങളിലെ ഓണറേറിയം |
| 44/14-09-2021<br>60,526/- | 10,000/- | 50,526/- | 08/2021 ഓണറേറിയം +<br>04/2021, 05/2021, 06/2021, 07/2021, 08/2021<br>പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണം |
| 53/23-10-2021<br>13,000/- | 13,000/- | 0 | 09/2021<br>ഓണറേറിയം |
| 66/11-11-2021<br>10,500/- | 10,500/- | 0 | 10/2021<br>ഓണറേറിയം |
| 79/15-01-2022<br>2,08,428/- | 10,500/- | 1,97,928/- | 11/2021 ഓണറേറിയം + 09/2021,<br>10/2021, 11/2021, 12/2021<br>പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണം |
| 89/15-02-2022<br>69,097/- | 20,000/- | 49,097/- | 12/2021, 01/2022 ഓണറേറിയം + , 01/2022<br>പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണം |
| 101/23-03-2022<br>61,043/- | 11,500/- | 49,543/- | 02/2022 ഓണറേറിയം + , 2/2022<br>പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണം |
| 110/31-03-2023<br>60,577/- | 10,500/- | 50,077/- | 02/2022 ഓണറേറിയം + , 2/2022<br>പലചരക്ക് സാധനങ്ങളുടെ കിറ്റ് വിതരണം |
| ആകെ 532671/- | 1,35,500/- | 3,97,171/- | |

മണിയാർ ഗ്രേസിങ് ബ്ലോക്ക് പട്ടികവർഗ കോളനിയിൽ നഗരസഭ സജ്ജീകരിച്ച സാമൂഹ്യപഠന കേന്ദ്രത്തിൽ പട്ടിക വർഗവിദ്യാർത്ഥികൾക്ക് സായാഹ്നങ്ങളിൽ അദ്ധ്യാപകരെ നിയോഗിക്കുക, മോട്ടിവേഷൻ ക്ലാസ് നൽകുക, കുടുംബശ്രീ മുഖേന ഭക്ഷണം നൽകുക എന്ന പദ്ധതിയിൽ 25 ഗുണഭോക്താക്കൾക്ക് 300 ദിവസത്തെ ഭകഷണചെലവിന് 4,04,500/-രൂപയും 4 ദിവസത്തെ മോട്ടിവേഷൻ ക്ലാസിന് 26,500/- രൂപയും 12 മാസത്തെ അദ്ധ്യാപകരുടെ ഓണറേറിയം ഇനത്തിൽ 2,50,500/- രൂപയും ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിക്ക് 15-06-2021 ലെ 7/2021-22 ലെ തീരുമാനം പ്രകാരം ജില്ല ആസൂത്രണ സമിതിയുടെ ജില്ല പട്ടിക വർഗ വികസന ഓഫീസർ ശ്രീ. വൈ ബിപിൻദാസ് അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതി നിർവഹണം നടത്തിയതിലെ അപാകത ചുവടെ ചേർക്കുന്നു.

എ) സാമൂഹ്യപഠന കേന്ദ്രത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് കുടുംബശ്രീ മുഖേന ഭക്ഷണം പാചകം ചെയ്ത് നൽകുന്നതിന് പകരം 40 ഗുണഭോക്താക്കൾക്ക് 04/2021 മുതൽ 03/2022 വരെ 12 മാസവും തുടർച്ചയായി തുവേണി സൂപ്പർമാർക്കറ്റിൽ നിന്നും പലവ്യഞ്ജന കിറ്റുകൾ വാങ്ങിയ ഇനത്തിൽ 1,35,500/- രൂപ ചെലവഴിച്ചു. 14.02.2018 ലെ സ.ഉ (കൈ) നം 22/2018/ തസ്വഭവ ഉത്തരവ് ഖ 7.2.18 ൽ വീടിനോടൊപ്പം പഠനമുറി സ്ഥാപിക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ പട്ടിക വർഗ കോളനിയിൽ സാമൂഹ്യപഠന കേന്ദ്രം സ്ഥാപിച്ച് പഠന സൗകര്യം ഉറപ്പാക്കാൻ നഗരസഭയ്ക്ക് പദ്ധതി തയ്യാറാക്കാമെങ്കിലും സാമൂഹ്യപഠന കേന്ദ്രത്തിൽ ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് പലവ്യഞ്ജന കിറ്റുകൾ വാങ്ങി വിതരണം ചെയ്യുതതിന് തുക ചെലവഴിക്കാൻ അനുമതിയില്ല.

ബി) തുവേണി സൂപ്പർമർക്കറ്റിൽ നിന്നും പലവ്യഞ്ജന കിറ്റുകൾ വാങ്ങിയതിന് 08/2021 ൽ50526/- രൂപയും 09/2021 ൽ50049/- 02/2022 ൽ 49543/- രൂപയും ചെലവഴിച്ചു .എന്നാൽ പലവ്യഞ്ജന കിറ്റുകൾ

ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകളില്ല.

സി) 14.02.2018 ലെ സ.ഉ (കൈ) നം 22/2018/ തസ്വഭവ ഉത്തരവ് ഖ 7.2.23ൽ എച്ച്.എസ്.എസ് വിദ്യാർത്ഥികൾക്ക് ഒരു വിദ്യാഭ്യാസ വർഷത്തിൽ 4 തവണ കരിയർ ഗൈഡൻസ് ക്ലാസും ഖ 7.2.24 ൽ എച്ച്.എസ്. വിദ്യാർത്ഥികൾക്ക് ഒരു വിദ്യാഭ്യാസ വർഷത്തിൽ 4 തവണ മോട്ടിവേഷൻ ക്ലാസും നൽകുന്നതിന് ഓണറേറിയം അനുവദിക്കാം.എന്നാൽ ഇപ്രകാരംകരിയർ ഗൈഡൻസ്/മോട്ടിവേഷൻ ക്ലാസും നൽകുന്നതിന് പകരം 2021-22 സാമ്പത്തിക വർഷം 270 ദിവസംസാമൂഹ്യപഠന കേന്ദ്രത്തിൽ ക്ലാസ് നടത്തിയതിന് 2 അദ്ധ്യാപകർക്ക് 135500/- രൂപ ഓണറേറിയം നൽകിയതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഡി) 40 വിദ്യാർത്ഥികൾ സാമൂഹ്യപഠന കേന്ദ്രത്തിൽ ഹാജരായതായാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത്,എന്നാൽ മേൽ വിദ്യാർത്ഥികൾ പട്ടിക വർഗ വിഭാഗത്തിൽപെടുന്ന എന്നോ അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം സംബന്ധിച്ചതായ യാതോരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 5,32,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ചും ഖണ്ഡികയിൽ പരാമർശിക്കുന്ന രേഖകൾ ഹാജരാക്കിയും 5,32,671/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 17/24-04-2023
തടസ്സപ്പെടുത്തുന്ന തുക – 5,32,671/-രൂപ

## 1-33 പ്രീമെടിക് ഹോസ്റ്റലിൽ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

പ്രീമെടിക് ഹോസ്റ്റലിൽ ആവശ്യമായ ഫർണീച്ചർ, ഗ്യാസ് എന്നിവ വാങ്ങൽ -വാങ്ങിയ സാധനങ്ങൾ സ്ഥാപിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്റ്റ് – പ്രീമെടിക് ഹോസ്റ്റലിൽ ആവശ്യമായ ഫർണീച്ചർ, ഗ്യാസ് എന്നിവ വാങ്ങൽ.

പ്രോജക്റ്റ് നമ്പർ 294/22

അടങ്കൽ 6,00,000/-രൂപ (വികസന ഫണ്ട് എസ്.സി.പി.)

ചെലവ് 5,91,734/-രൂപ

ബിൽ നമ്പർ 48/25-3-22

ഇൻവോയ്സ് നമ്പർ 265/7-3-22

പ്രസ്തുത പ്രോജക്റ്റിനായി ഫർണ്ണിച്ചർ, ഗ്യാസ് സ്റ്റൗ എന്നിവ ആർട്ട്കോ വഴി സ്ഥാപിക്കാനായി തുക കൈമാറിയ സാധനങ്ങൾ ഹോസ്റ്റലിൽ സ്ഥാപിച്ചതിന്റെ രേഖകളോ സ്റ്റോക്കിലെടുത്തതിന്റെ രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രേഖകൾ ലഭ്യമാക്കാൻ പ്രീമെടിക് സ്കൂൾ അധികൃതരോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,91,734/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 14/24.04.2023

തടസ്സപ്പെടുത്തിയ തുക 5,91,734/- രൂപ.

## 1-34 സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥരായി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം/ തുക തിരികെ ലഭിച്ചത് സംബന്ധിച്ച വിവരം ലഭ്യമാക്കിയില്ല.

സെക്രട്ടറി, നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം/ തുക തിരികെ ലഭിച്ചത് സംബന്ധിച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയില്ല.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക (₹), ഫണ്ട്, സ്ഥാപനം | തുക നിക്ഷേപിച്ച സ്ഥാപനത്തിന്റ പേര് | ചെലവഴിച്ച തുക (₹) (ബിൽ നം) | തടസ്സപ്പെടുത്തുന്ന തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ 323/22<br>കോമളം കുന്ന് -കതിരച്ചിറ | കേരള വാട്ടർ അതോറിറ്റി | 46,00,000/-<br>(103/ | 46,00,000/- | വിശദമായ പ്രവൃത്തിപൂർത്തീകരണ |

| | | | | | |
|---|---|---|---|---|---|
| | ജയഭാരതം റോഡിൽ പഴയ AC കുടിവെള്ള പൈപ്പ് മാറ്റി പുതിയത് സ്ഥാപിക്കൽ<br>46,00,000 /-<br>(സി.എഫ്.സി.ഗ്രാന്റ്) | | 23-03-2022) | | സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 2 | പ്രോജക്ട് നമ്പർ 176/22<br>പേപ്പർ മിൽ വാർഡിലെ കല്ലുമല കോളനിയിൽ കുടിവെള്ളം എത്തിക്കൽ 46,00,000 /-(സി.എഫ്.സി.ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 20,00,000/-(PFMS-30-11-2022) 26,00,000/-(PFMS 18-03-2022) | 46,00,000/- | വിശദമായ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 3 | പ്രോജക്ട് നമ്പർ 214/22<br>ശാസ്താംകോണം കുടിവെള്ള പദ്ധതി<br>കുടിവെള്ളം എത്തിക്കൽ 40,00,000/-(സി.എഫ്.സി.ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 40,00,000/- ബിൽ നം 74/2022 തീ 22-12-2022 | 40,00,000/- | ശാസ്താംകോണം വാർഡിൽ ശിവൻകോവിൽ ക്ഷേത്രത്തിന് സമീപം സംമ്പിന്റെയും ബൂസ്റ്ററിന്റെയും പമ്പിംഗ് ക്രമീകരണം, വിതരണ ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിക്ക് മുമ്പ് എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പൂർത്തിയാക്കേണ്ടിയിരുന്ന ഉപരിതല ജലസംഭരണിയുടെ നിർമ്മാണം എന്ന പ്രവൃത്തി തടസ്സപ്പെട്ടതിനാൽ നഗരസഭ ചുമതലപ്പെടുത്തിയ മേൽ പ്രവൃത്തിയുടെ നിർവഹണം നടത്താൻ കഴിയില്ല എന്ന് KWA, കോട്ടാരക്കര പി എച്ച് ഡിവിഷൻ എക്സി.എഞ്ചിനീയർ 28/05/2022 ലെ DB2/719 /PHDn/KTR/2015-16 കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 40,00,000/- രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല |
| 4 | പ്രോജക്ട് നമ്പർ 322/22 | കേരള വാട്ടർ | 18,00,000/- | 18,00,000/ | വിശദമായ പ്രവൃത്തി |

| | | | | | |
|---|---|---|---|---|---|
| | കോളേജ് വാർഡിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ദീർഘിപ്പിക്കൽ 18,00,000 /-(സി.എഫ്.സി.ഗ്രാന്റ്) | അതോറിറ്റി | ബിൽ നം 104/2022 തീ 25-03-2022 | | പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല. |
| 5 | പ്രോജക്റ്റ് നമ്പർ 228/22 വിവിധ വാർഡിലെ കാലഹരണപ്പെട്ട കുടിവെള്ള പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പ് സ്ഥാപിക്കൽ 90,00,000 /-(സി.എഫ്.സി.ഗ്രാന്റ്) | കേരള വാട്ടർ അതോറിറ്റി | 90,00,000/- ബിൽ നം 88/2022 തീ 15-02-2022 | 90,00,000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| | | ആകെ തടസ്സപ്പെടുത്തിയ തുക (₹) | | 2,40,00,000/- | |

പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി 2,40,00,000/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം 16/24-04-2023

തടസ്സപ്പെടുത്തുന്ന തുക – 2,40,00,000/- രൂപ

## 1-35 ലേലയിനങ്ങൾക്ക് ജി എസ് ടി ഈടാക്കിയില്ല

മുൻസിപ്പാലിറ്റിയിലെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ലേലയിനങ്ങൾക്ക് 18% ജി എസ് ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലയിനം | പേര്, മേൽവിലാസം | ലേല തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി (₹) |
|---|---|---|---|---|
| 1 | ചെമ്മണ്ണൂർ മുൻസിപ്പൽ ബസ് സ്റ്റാൻഡ് ഗേറ്റ് ഫീസ് പിരിവ് | ദിലീപ് കുമാർ ലക്ഷ്മി ഭവൻ | 1,53,500/- | 27,630/- |
| 2 | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ഷെരീഫ് പെരുന്തോട്ടത്തിൽ പുത്തൻ വീട് | 27,500/- | 4,950/- |
| 3 | നഗരസഭ കാന്റീൻ | അലൻ ജെ പി കൂടാരത്തിൽ | 1,85,000/- | 3,33,000/- |
| 4 | വെട്ടിപ്പുഴ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | തോമസ് ബച്ചൻ ബഥേൽ ഹൗസ് | 85,555/- | 15,400/- |
| 5 | മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് | ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം | 15,000/- | 2,700/- |
| ആകെ | | | | 83,980/ - |

ചരക്കുസേവനനികുതി നിയമം 2017 പ്രകാരം 18% ജി എസ് ടി ഈടാക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലയിനങ്ങൾക്കുള്ള ജി എസ് ടി തുകയായ 83,980/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.24/26.04.2023.

കേന്ദ്ര സംസ്ഥാന സർക്കാരുക ള്ക്കുള്ള വരവ് നഷ്ടം- 83,980/- രൂപ(CGST- 41990/- + SGST-41990/-)

## 1-36 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കിയതിന്റെ രേഖകളില്ല

പ്രോജക്റ്റ് നം 36/2022 ( തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് )

അടങ്കൽ – 22,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ സെക്രട്ടറി

| ബിൽ നം /തീയതി | തുക (₹) |
|---|---|
| 54/23-10-2021 | 8,06,778/- |
| 61/11-11-2021 | 1,50,746/- |
| 69/11-11-2021 | 14,990/- |
| 75/22-12-2021 | 12,899/- |
| 80/18-01-2022 | 2,95,278/- |
| 82/19-01-2022 | 14,461/- |
| 83/8-02-2022 | 1,52,545/- |
| 92/25-02-2022 | 1,70,515/- |
| 106/23-03-2022 | 1,82,698/- |
| ആകെ | 18,00,910/- |

18,00,910/- രൂപ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനായി ചെലവഴിച്ചതിന് ആധാരമായ വൈദ്യുതി ചാർജ്ജ് ഡിമാന്റ് നോട്ടീസും, തുക ഒടുക്കിയത് രേഖപ്പെടുത്തുന്ന തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കാൻ രേഖാമൂലം അവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ 18,00,910/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രതിപാദിക്കുന്ന രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പരിശോധന നടത്തി തടസ്സം തീർപ്പാക്കുന്നതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 17/24-04-2022

തടസ്സപ്പെടുത്തുന്ന തുക – 18,00,910/-രൂപ

## 1-37 വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്-ടെലഫോൺ ചാർജ്ജ് ഒടുക്കിയതിനും രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നം 35/2022 ( വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ് - ടെലഫോൺ ചാർജ്ജ് )

അടങ്കൽ – 60,98,536/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)
നിർവഹണ ഉദ്യോഗസ്ഥൻ-മുനിസിപ്പൽ സെക്രട്ടറി

| ബിൽ നം /തീയതി | തുക (₹) |
|---|---|
| 17/20-06-2021 | 1027992/- |
| 23/06-07-2021 | 4833/- |
| 27/20-07-2021 | 14816/- |
| 34/06-08-2021 | 379003/- |
| 37/09-08-2021 | 8012/- |
| 40/19-08-2021 | 63928/- |
| 51/23-10-2021 | 58394/- |
| 55/23-10-2021 | 15934/- |
| 60/03-11-2021 | 10465/- |
| 68/11-11-2021 | 16344/- |
| 71/11-11-2021 | 4582/- |
| 76/29-12-2021 | 23722/- |
| 77/30-12-2021 | 2500000/- |
| 81/31-01-2022 | 47727/- |
| 90/21-02-2022 | 25654/- |
| 96/19-03-2022 | 19752/- |
| 105/25-03-2022 | 54483/- |
| 108/17-03-2022 | 3539/- |
| ആകെ | 42,79,180/- |

4279180/- രൂപ വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെ വൈദ്യുതി ചാർജ്ജ്-ടെലഫോൺ ചാർജ്ജ് ഒടുക്കുന്നതിനായി ബിൽ പ്രകാരം പിൻവലിച്ച എന്നല്ലാതെ അതിന് ആധാരമായ വൈദ്യുതി ചാർജ്ജ്-ടെലഫോൺ ചാർജ്ജ് ഡിമാന്റ് നോട്ടീസും, തുക ഒടുക്കിയത് രേഖപ്പെടുത്തുന്ന രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കാൻ രേഖാമൂലം അവശ്യപ്പെട്ടിട്ടും

മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 42,79,180/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പ്രതിപാദിക്കുന്ന രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 17/24-04-2023

തടസ്സപ്പെടുത്തുന്ന തുക – 42,79,180/-രൂപ.

## 1-38 മണിയാർ സ്കൂൾ മെയിന്റനൻസ്- രേഖകൾ ഹാജരാക്കിയില്ല

മണിയാർ സ്കൂൾ മെയിന്റനൻസിനായി വൗച്ചർ നമ്പർ 22100438/08.09.2021, ചെക്ക് നമ്പർ 513139/09.09.21 പ്രകാരം 3,33,850/- രൂപ കാനറാ ബാങ്കിൽ (Own Fund A/C No 1099101005995) നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ, എം ബുക്ക്, മറ്റ് പദ്ധതി വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് രേഖാമൂലം ആവശ്യപ്പെട്ടിട്ടും മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ 3,33,850/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. മേൽ ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.33/26.04.2023

തടസ്സപ്പെടുത്തിയ തുക - 3,33,850/- രൂപ

## 1-39 ബഡ്സ് സ്കൂൾ - വാഹനവാടക - ക്വട്ടേഷൻ ക്ഷണിക്കാതെ കരാർ പുതുക്കി നൽകി- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം – 16/2022 ( ബഡ്സ് സ്കൂൾ -അടിസ്ഥാന സൗകര്യം ഒരുക്കൽ)

നിർവഹണ ഉദ്യോഗസ്ഥൻ - മുനിസിപ്പൽ സെക്രട്ടറി

| ഫണ്ട് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|
| വികസനഫണ്ട് -ജനറൽ) | 4,59,155/- | 4,59,155/- |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 7,73,745/- | 5,47,225/- |
| ആകെ | 12,32,900/- | 10,06,380/- |

വാഹന വാടക ചെലവ്

| ബിൽ നം /തീയതി | തുക (₹) | റിമാർക്കസ് |
|---|---|---|
| 95/05-03-2022 | 20250/- | 11/2021 ൽ 9 ദിവസത്തെ വാടക |
| 94/05-03-2022 | 72000/- | 12/2021 ൽ 17 ദിവസത്തെയും, 01/2022ൽ 15 ദിവസത്തെയും വാടക |
| 102/23-03-2022 | 2250/- | 02/2022ൽ 1 ദിവസത്തെ വാടക |
| 113/31-03-2022 | 40000/- | 03/2022ൽ 17 ദിവസത്തെയും, 1 അധിക യാത്രയുടെയും വാടക |
| അകെ | 134500/- | |

2021-22 സാമ്പത്തിക വർഷം ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ കൊണ്ട് വരുന്നതിനുള്ള വാഹനത്തിന്റെ വാടക നിശ്ചയിക്കുന്നതിനുള്ള ടെൻഡർ നടത്താതെ 2019-20 സാമ്പത്തിക വർഷം മേൽപ്രവൃത്തിക്ക് കരാർ വച്ച ശ്രീകുമാർ (ബ്രഹ്മ ട്രാവൽസ്) എന്ന വ്യക്തിക്ക് KL 25 C 4995 എന്ന വാഹനം വാടകയ്ക്ക് നൽകുന്നതിന് 50 കി.മീ. (മിനിമം) ന് 2250/- രൂപ നിരക്കിലും തുടർന്ന ഓരോ കിലോമീറ്ററിനും 28/- രൂപ നിരക്കും 03/2022 വരെ തുടർന്ന് നൽകാൻ 10-11-2021 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചു. 2021-22 സാമ്പത്തിക വർഷം ആകെ 1,34,500/- രൂപ മേൽ പദ്ധതിയുടെ ഭാഗമായി വാഹന വാടക ഇനത്തിൽ ചെലവഴിച്ചു. ബഡ്സ് സ്കൂളിലേക്ക് കുട്ടികളെ കൊണ്ട് വരുന്നതിനുള്ള വാഹന വാഹനത്തിന്റെ വാടക നിശ്ചയിച്ച 2019-20 ലെ കൗൺസിൽ തീരുമാനത്തിന്റെ വിശദാംശവും, കരാർ കാലാവധിയും, 2021-22 ലേക്ക് കരാർ തുടരാൻ അനുവദിച്ച കൗൺസിൽ തീരുമാനത്തിന്റെ വിശദാംശവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1,34,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ ഹാജരാക്കി ഒഴിവാക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം. 30/26.04.2023

ഓഡിറ്റ് തടസ്സം – 1,34,500/- രൂപ

## 1-40 പ്രോഫോർമ ഇൻവോയ്സിലെ സ്പെസഫിക്കേഷനിൽ നിന്നും കുറഞ്ഞ ലാപ് ടോപ്പ്

ഉയർന്ന നിരക്കിൽ സപ്ലൈ ചെയ്തു.

പ്രോജക്ട് നം -229/2022 ( നഗരസഭയ്ക്ക് ലാപ്ടോപ്പ്)
നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ സെക്രട്ടറി

അടങ്കൽ (2,00,000/-രൂപ - സി എഫ് സി)
ചെലവ് – 1,85,351/-രൂപ
ബിൽ നം 57/03-11-2021 -67,275/-രൂപ
ബിൽ നം 62/11-11-2021 -1,18,076-രൂപ
ആകെ 1,85,351/-രൂപ

നഗരസഭയിൽ IBPMS നടപ്പാക്കുന്നതിന് ആവശ്യമായ സ്പെസഫിക്കേഷനോട്ടു കൂടിയുള്ള 1 ലാപ് ടോപ്പും ഓഫീസ് ആവശ്യത്തിന് 2 ലാപ് ടോപ്പും വാങ്ങുന്നതിന് വിഭാവനം ചെയ്തതാണ് പദ്ധതി.

GEM പോർട്ടലിൽ IBPMS നടപ്പാക്കുന്നതിന് ആവശ്യമായ സ്പെസഫിക്കേഷനോട്ടുകൂടിയുള്ള ലാപ് ടോപ്പ് ഇല്ല എന്നും തുല്യമായ ഡെസ്ക് ടോപ്പ് GEM പോർട്ടലിൽ ലഭ്യമാണ് എന്നും IKM Technical Officer അറിയിച്ചതിനെ തുടർന്ന് GEM പോർട്ടലിൽ നിന്നും ലഭ്യമായ KM Technologies Kottayam എന്ന സപ്ലൈറിൽ നിന്നും IBPMS നടപ്പാക്കുന്നതിന് ആവശ്യമായ സ്പെസഫിക്കേഷനോട്ടുകൂടിയുള്ള 1 ലാപ് ടോപ്പും വാങ്ങിയതിന് ബിൽ നം 57/03-11-2021 പ്രകാരം67275/- രൂപ അനുവദിച്ചു.

ഓഫീസ് ആവശ്യത്തിനുള്ള ലാപ് ടോപ്പ് - ( Lap Top High End Windows 10 Professional –Intel Core I5 1135G7@2.40Ghz 8 Mcache Processor , 8GB DDR4 RAM , 512 GB SSD RAM , 14"display Etc ) -ന് CPRCS പോർട്ടലിൽ 59038/- ( 590538 With Flood Cess)രൂപയും GEM -ൽ 88,999/- രൂപയും ആണ് എന്ന് കണ്ടതിനംതുടർന്ന് അഡ്വാൻസ് പേയ്മെന്റ് നൽകി CPRCS മുഖേന വാങ്ങാൻ 25/10/2021 ൽ സൂപ്രണ്ട്/ സെക്രട്ടറി എന്നിവർ ശുപാർശ ചെയ്തു, (12/10/2021 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം പ്രകാരം GEM -ൽ നിന്നും വാങ്ങുന്നതിനാണ് കൗൺസിലിന് ശുപാർശ നൽകിയത്). KELTRON സമർപ്പിച്ച Proforma Invoice No TVM/ITBG/PI/RC/31363/2021 തീയതി 18/02/2022 ന്റെ അടിസ്ഥാനത്തിൽ മേൽ സ്പെസഫിക്കേഷനോട്ടുകൂടിയ 2 ലാപ് ടോപ്പ് സപ്ലൈ ചെയ്യുന്നതിന് ബിൽ നം 62/11-11-2021 പ്രകാരം 1,18,076/- രൂപ മുൻകൂർ ഒടുക്കി. തുടർന്ന സപ്ലൈ ഓർഡർ നൽകാൻ ശ്രമിച്ചപ്പോൾ മേൽ സ്പെസഫിക്കേഷനോട്ടുകൂടിയുള്ള ലാപ്ടോപ്പ് ലഭ്യമല്ല എന്ന് കെൽട്രോൺ അറിയിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് പുതുക്കിയ പ്രൈസ് ലിസ്റ്റ് പ്രകാരം 1,16,937/- രൂപയക്ക് 2 ലാപ്ടോപ്പുകൾ ലഭ്യമാക്കി ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1. Delivery Chalan No.08618/ITP/2022-23 Dated 10-02-2023 = Rs.48276/-
(Specefication-Lap Top Medium End Wiondows -11 Pro, Intel Core I3 1154G4 @4.10Gz 8GBDDR4 RAM. 256GB SSDD Hard Disk , 14"HD Display).
2. Delivery Chalan No.06926/ITP/2022-23 Dated 23-12-2023 = Rs.68,661/-
(Specefication-Lap Top Medium End Wiondows -11 Pro, Intel Core I5 1135G7@4.20Gz 8GBDDR4 RAM. 256GB SSDD Hard Disk , 14"HD Display).

മേൽ വിവരിച്ച പ്രകാരം ക്രമ നം 1 ലാപ്ടോപ്പിലെ പ്രോസസർ പ്രോഫോർമ ഇൻവായസിൽ പ്രതിപാദിച്ചിരിക്കുന്നതിലും കുറഞ്ഞ സ്പെസഫിക്കേഷനുള്ളതാണ് ക്രമ നം 2 ലാപ് ടോപ്പിന് ആദ്യ പ്രോഫോർമ ഇൻവായസിനേക്കാളും അധികമായി 9,623/-രൂപ ഈടാക്കി.

പദ്ധതി പൂർത്തീകരിച്ചശേഷം കെൽട്രോണിൽ അധികമായി നിക്ഷേപിച്ചിട്ടുള്ള 1,139/- രൂപ തിരികെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 1,139/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. തുക തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി--17/24-04-2023
തടസ്സപ്പെടുത്തിയ തുക – 1,139/- രൂപ

1-41 മെയിന്റനൻസ് ഫണ്ട് (റോഡിതരം) - തുക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

ഹെൽത്ത് ഓഫീസർ നിർവഹണം നടത്തിയ സ്പർശം എന്ന പദ്ധതിയ്ക്കായി 7-3-22 തീയതിയിലെ 34 നമ്പർ ബിൽ

പ്രകാരം പിൻവലിച്ച 90,960/-രൂപ (മെയിന്റനൻസ് ഫണ്ട്-റോഡിതരം) നിലവിൽ മുൻസിപ്പാലിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ (കാനറാ ബാങ്ക് അക്കൗണ്ട് നം. 5995) സൂക്ഷിച്ചിരിക്കുകയാണ്. കാരുണ്യാ ഫാർമസിയിൽ നിന്നും മരുന്നു വാങ്ങിയതിന് നൽകിയ തുക ബാങ്ക് അക്കൗണ്ട് മാപ്പ് ചെയ്തതിൽ വന്ന വീഴ്ച മൂലം പുനലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ആണ് നൽകിയത്. തുടർന്ന് പുനലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും തുക തിരികെ വാങ്ങി 11-10-22 തീയതിയിൽ മുൻസിപ്പാലിറ്റിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ കാരുണ്യാ ഫാർമസിയ്ക്ക് നൽകുകയോ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കു വരുത്തി വിവരം അറിയക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. – 27/26.04.2023.

## 1-42 കോവിഡ് പ്രതിരോധ പ്രവർത്തനം - സ്റ്റെപ്പ് ഡൗൺ ആംബുലൻസ് സംവിധാനം എർപ്പെടുത്തിയത് - ക്വട്ടേഷനിൽ പങ്കെടുക്കാത്ത വ്യക്തിക്ക് തുക നൽകി

പ്രോജക്ട് നമ്പർ – 114/22

പ്രോജക്ട് – കോവിഡ്-19 പ്രതിരോധപ്രവർത്തനം – സ്റ്റെപ്പ് ഡൗൺ ആംബുലൻസ് സംവിധാനം എർപ്പെടുത്തുന്നത് സംബന്ധിച്ച്

അടങ്കൽ – 4,26,403/-രൂപ (വികസനഫണ്ട് പൊതു വിഭാഗം)
ചെലവ് – 4,26,403/-രൂപ

| ബിൽ നമ്പർ | തുക (₹) |
|---|---|
| 2/25-5-21 | 14120/- |
| 3/26-5-21 | 46000/- |
| 9/7-6-21 | 27280/- |
| 12/7-6-21 | 40,000/- |
| 14/7-6-21 | 21923/- |
| 23/12-7-21 | 272000/- |
| 25/19-7-21 | 5080/- |
| ആകെ | 4,26,403/- |

കോവിഡ് പ്രതിരോധ പ്രവർത്തനം-സ്റ്റെപ്പ്ഡൗൺ ആംബുലൻസ് സംവിധാനം എർപ്പെടുത്താനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ക്വട്ടേഷൻ പോലും സമർപ്പിക്കാത്ത വ്യക്തിക്കാണ് തുക നൽകിയിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനം നടപ്പാക്കുന്നതിന്റെ ഭാഗമായി ഡ്രൈവർ ക്യാബിൻ വേർതിരിച്ച ഓട്ടോ ടാക്സി എന്നിവ സ്റ്റെപ്പ്ഡൗൺ ആംബുലൻസ് സംവിധാനം ആയി പ്രവർത്തിക്കാനായി ക്വട്ടേഷൻ സമർപ്പിച്ചത് താഴെ പറയുന്ന വ്യക്തികൾ ആണ്.

| ഫയൽ നമ്പർ | പേര് |
|---|---|
| 8545/21 | അനീഷ്, ഗണേശ് ഭവൻ |
| 8542/21 | സന്തോഷ് സന്തോഷ് ഭവൻ |
| 8543/21 | രാജേഷ്, ആതിരാഭവൻ |
| 8544/21 | പ്രകാശ് , കണ്ടമറ്റത്ത് കിഴക്കതിൽ |

ചെയർമാന്റെ മുൻകൂർ അനുമതിയോടുകൂടി മേൽ ക്വട്ടേഷൻ അംഗീകരിച്ച പ്രസ്തുത പദ്ധതിയിൽ അനീഷ് എന്ന വ്യക്തിക്ക് ഒഴികെ മറ്റു മൂന്നു പേർക്കൊപ്പം രമേശ് എന്നയാളുടെ 7025241552 നമ്പർ അക്കൗണ്ടിലേക്ക് 86,000/-രൂപാ നൽകിയിട്ടുണ്ട്. 10-5-21 മുതൽ 26-6-21 വരെ വാഹനം ഓടിയതിന്റെ കൂലിയായി 86,000/-രൂപാ 23/12-7-21 തീയതിയിൽ പിൻവലിച്ച 2,72,000/- രൂപയിൽ നിന്നും രമേശിന്റെ ബാങ്ക് അക്കൗണ്ടിൽ നൽകിയിട്ടുണ്ട്. എന്നാൽ രമേഷ് ക്വട്ടേഷൻ സമർപ്പിക്കുകയോ കമ്മിറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഇതിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ രമേശിന് നൽകിയ

86,000/-രൂപായുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 26/26.04.2023
നിരാകരിക്കുന്ന തുക – 86,000/-രൂപ

## 1-43 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി. - പദ്ധതി നിർവഹണത്തിലും പർച്ചേസ് നടപടിക്രമങ്ങളിലും അപാകത

നഗരസഭ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി എന്ന പദ്ധതിയുടെ നിർവഹണത്തിലും പർച്ചേസ് നടപടിക്രമങ്ങളിലും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകത ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം -212/2022 (നഗരസഭ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി, വി പി എൻ കണക്ഷൻ തുക നൽകൽ)

നിർവഹണ ഉദ്യോഗസ്ഥൻ- മുനിസിപ്പൽ സെക്രട്ടറി

ബിൽ നം. 67 /11-11-2021 = 19,529/-രൂപ

ബിൽ നം. 70 /19-11-2021 = 830/-രൂപ

1. പദ്ധതി നിർവഹണത്തിലെ അപാകത

2020-21 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ട് നം -13/2021 ന്റെ സ്പിൽ ഓവർ പ്രോജക്ട് ആയി അംഗീകാരം ലഭിച്ച പ്രോജക്ട് നം -212/2022 (നഗരസഭ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ എ.എം.സി, വി പിഎൻ കണക്ഷൻ തുക നൽകൽ) എന്ന പ്രോജക്ടിൽ പദ്ധതിയിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി 19,529/-രൂപയ്ക്ക് പ്രിന്റർ വാങ്ങുകയാണ് ചെയ്തിരിക്കുന്നത്.

(Invoice No GRA/0758/20-21 Dt 08/03/2021 , Graph Tech Print Solutions Pathanapuram)

2. പർച്ചേസിലെ അപാകത ചുവടെ ചേർക്കുന്നു.

മുനിസിപ്പൽ സെക്രട്ടറിയുടെ 21/01/2021 ലെ എ5/-13345/2020 കത്ത് പ്രകാരം 27/01/2021 ൽ അവസാന തീയതിയായി ക്ലിപതപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചു. അയതിന്റ അടിസ്ഥാനത്തിൽ ലഭിച്ച 3 ക്വട്ടേഷനുകളിലും 16-06-2020 എന്ന തീയതിയാണ് രേഖപ്പെടുത്തിയിരിക്കുന്നത് .

| സ്ഥാപനം | ക്വട്ടേഷൻ തീയതി | തുക (₹) |
|---|---|---|
| ബിസ്മി ഇൻഫോടെക് | 16-06-2020 | 20,170/- |
| ഗ്രാഫ് ടെക് പ്രിന്റ് സോലൂഷൻ | 16-06-2020 | 19,529/- |
| അഗ്നിടെക് | 16-06-2020 | 19,890/- |

18/02/2021 ലെ 2-ാം നമ്പർ തീരുമാനം പ്രകാരം കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഗ്രാഫ് ടെക് പ്രിന്റ് സോലൂഷൻ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചു. 27/01/2021 ൽ മാത്രം ക്ഷണിച്ച ക്വട്ടേഷന് 7 മാസം മുമ്പ് എപ്രകാരമാണ് ക്വട്ടേഷൻ ലഭിച്ചത് എന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 30/26-04-2023 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-44 പുനലൂർ താലൂക്ക് ആശുപത്രി ഇലക്ട്രോ മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ - പർച്ചേസുകളുടെ നിരക്ക്, പ്രോക്യർമെന്റ് കമ്മിറ്റി /മുനിസിപ്പൽ കൗൺസിൽ അംഗീകാരം വാങ്ങുന്നില്ല

2021-22 സാമ്പത്തിക വർഷം പുനലൂർ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വാങ്ങൽ പദ്ധതികളുടെ പരിശോധനയിൽ കണ്ട അപാകത ചുവടെ ചേർക്കുന്നു.

എ) കോവിഡ് പ്രതിരോധം – ഓക്സിജൻ ജനറേഷൻ – സിസ്റ്റം (പ്രോജക്ട് നം. 140/22)

അടങ്കൽ – 50,00,000/-രൂപ (വികസന ഫണ്ട് ജനറൽ)
ചെലവ് – 49,50,000/-രൂപ
ബിൽ നം. 1/23-06-2021 = 49,50,000/-രൂപ

പുനലൂർ താലൂക്ക് ആശുപത്രിയിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി 230LPM ശേഷിയുള്ള മെഡിക്കൽ ഓക്സിജൻ പ്ലാന്റ് അക്രഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് മുഖേന 49,50,000/- രൂപയക്ക് വാങ്ങുകയും 19-06-2021 ൽ സ്ഥാപിക്കുകയും ചെയ്തു. (Proposal No KSIE/CHN/MKTG/Q-04/21-22 DT 08/05/2021,) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ സർട്ടിഫിക്കേറ്റ് നമ്പർ SPRD/2020/0028 ലെ ക്രമ നം 46 പ്രകാരം, അക്രഡിറ്റഡ് ഏജൻസിയായ കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് നെ ഇലക്ട്രോ മെഡിക്കൽ ഉപകരണങ്ങളുടെ അംഗീകൃത വിതരണക്കാരായി നിശ്ചയിച്ച കാലാവധി 27/07/2021 വരെ നീട്ടി നൽകിയിട്ടുണ്ട്

എന്നാൽ മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള റണ്ണിംഗ് കോൺട്രാക്ട് നിരക്കോ, റേറ്റ് കോൺട്രാക്ടോ ഫയലില്ല. KMSCL പോലെ മെഡിക്കൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്ന മറ്റ്, അക്രഡിറ്റഡ് ഏജൻസികളുടെയോ നിരക്കുകൾ ആവശ്യപ്പെടാതെ കോവിഡ് വ്യാധിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് നൽകിയ പ്രോപ്പോസൽ പുനലൂർ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ സ്വീകരിച്ച് തുക അനുവദിച്ചതായി കാണുന്നു. കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് നൽകിയ പ്രോപ്പോസൽ തുക പർച്ചേസ് കമ്മിറ്റി / മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം ഫയലില്ല.

ബി) കോവിഡ് പ്രതിരോധം - സി എഫ് എൽ റ്റി സി ക്ക് മരുന്ന് വാങ്ങൽ അനുബന്ധ പ്രതിരോധ സംവിധാനം ഒരുക്കൽ (പ്രോജക്റ്റ് നം. 117/22)

അടങ്കൽ – 35,00,000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)
ആകെ ചെലവ് – 35,00,000/-രൂപ

പുനലൂർ താലൂക്ക് ആശുപത്രിയിലെ - സി എഫ് എൽറ്റി സി യിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി 60 Kg ശേഷിയുള്ള പവ്വർ ലോണ്ടറി KMSCL മായി റേറ്റ് കോൺട്രാക്ട് ഉള്ള Ramsons Garment Finishing Equipment, Bangalore എന്ന സ്ഥാപനത്തിൽ നിന്നും 13,10,169/- രൂപയ്ക്ക് വാങ്ങി (ബിൽ നം 17/16-10-2021). Invoice No URT-001/2021-22 DT 09-07-2021., പ്രകാരമുള്ള തുക പർച്ചേസ് കമ്മിറ്റി / മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചതിന്റെ വിവരം ഫയലില്ല. മേൽ വിഷയം മുനിസിപ്പൽ കൗൺസിലിന്റ ശ്രദ്ധയിലേക്കും തുടർനടപടികൾക്കും സമർപ്പിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. 29/26-04-2023

## 1-45 വേ ബില്ലിൽ ഓടിയ ദൂരം രേഖപ്പെടുത്താതെ വാഹന വാടക നൽകുന്നു- 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പുനലൂർ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പാലിയേറ്റീവ് പ്രൈമറി (പ്രോജക്ട് നമ്പർ 40), പാലിയേറ്റീവ് സെക്കൻഡറി ഹോം കെയർ ( പ്രോജക്ട് നമ്പർ 41 ) എന്നീ പദ്ധതികൾക്ക് ഹോം കെയർ ആവശ്യത്തിനായി KL 25K 3501 വാഹനം ഓടിയതിന് 1,60,000/-രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 40

| ബിൽ നം /തീയതി | തുക (₹) | വാഹന വാടക (₹) | റിമാർക്ക്സ് |
|---|---|---|---|
| 3/20-07-2021 | 101690/- | 47000/- | 04/2021, 05/2021, 06/2021 ൽ 47 ദിവസത്തെ വാഹന വാടക (15,000/-രൂപ നേരിട്ടും 32,000/-രൂപ എച്ച്.എം.സി. റീക്ലപമെന്റ്) |
| 7/13-08-2021 | 34230/- | 16000/- | 07/2021 ൽ 16 ദിവസത്തെ വാഹന വാടക |
| 13/11-10-2021 | 34230/- | 16000/- | 08/2021 ൽ 16 ദിവസത്തെ വാഹന വാടക |
| 12/14-09-2021 | 35430/- | 16000/- | 09/2021 ൽ 16 ദിവസത്തെ വാഹന വാടക |
| 25/19-11-2021 | 34230/- | 16000/- | 10/2021 ൽ 16 ദിവസത്തെ വാഹന വാടക |
| ആകെ | | 111000/- | |

പ്രോജക്ട് നമ്പർ 41

| ബിൽ നം /തീയതി | തുക (₹) | വാഹന വാടക (₹) | റിമാർക്കസ് |
|---|---|---|---|
| 04/20-07-2021 | 21600/- | 21000/- | 04/2021, 05/2021, 06/2021 ൽ 21 ദിവസത്തെ വാഹന വാടക<br>(7,000/-രൂപ നേരിട്ടും 14,000/- രൂപ എച്ച്.എം.സി. റീഇംപമെന്റ്) |
| 8/13-08-2021 | 7200/- | 7000/- | 07/2021 ൽ 7 ദിവസത്തെ വാഹന വാടക |
| 14/11-10-2021 | 7200/- | 7000/- | 09/2021 ൽ 7 ദിവസത്തെ വാഹന വാടക |
| 11/14-09-2021 | 7200/- | 7000/- | 08/2021 ൽ 7 ദിവസത്തെ വാഹന വാടക |
| 24/19-11-2021 | 10830/- | 7000/- | 10/2021 ൽ 7 ദിവസത്തെ വാഹന വാടക |
| ആകെ | | 49000/- | |

പുനലൂർ താലൂക്ക് ആശുപത്രി സൂപ്രണ്ടിന്റെ 30/03/2021 ലെ 794/2021 ഉത്തരവ് പ്രകാരം വാഹനം വാടകയക്ക് നൽകുന്ന ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് (1 കി.മീ മുതൽ 24 കി.മീ വരെ 850/-രൂപ നിരക്കിലും 25കി.മീ മുതൽ 34 കി.മീ വരെ 950/-രൂപ നിരക്കിലും, 35 കി.മീ മുതൽ 44 കി.മീ വരെ 1,000/-രൂപ നിരക്കിലും, 45 കി.മീ മുകളിൽ 1,400/- രൂപ നിരക്കിലും ) സമർപ്പിച്ച ശ്രീ. സനൽ, സനൽ ഭവനം എന്നയാളുടെ പേരിൽ സ്ഥിരപ്പെടുത്തി. എന്നാൽ പ്രസ്തുത ക്വട്ടേഷൻ മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ചിട്ടില്ല. മാത്രമല്ല വാഹന വാടകയ്ക്ക് സമർപ്പിച്ച വേബില്ലിൽ ഓടിയ ദൂരം രേഖപ്പെടുത്തിയിട്ടില്ല. ദൂരം രേഖപ്പെടുത്താതെ സമർപ്പിച്ച വേ ബില്ലിന് 1,000/- രൂപ നിരക്കിൽ തുക അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/26-04-2023) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ 1,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,60,000/- രൂപ

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടത്തിന് തെറ്റായ റോഡിന്റെ തരം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവ് നൽകി

ശ്രീ. ബിദു കെ ജി,കെ പി ടവേഴ്സ്, ചെമ്മണ്ണൂർ എന്ന വ്യക്തിയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് (പെർമിറ്റ് നം BAE3-127/18-19) നമ്പറുകൾ നൽകുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ അടിസ്ഥാനത്തിൽ ഈ കെട്ടിടത്തിന് 311/1 മുതൽ 311/14, വരെ 14 നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. വസ്തു നികുതി നിർണ്ണയിക്കുന്നതിനായി സമർപ്പിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാനിലെ Location Plan പ്രകാരം 6മീറ്റർ വീതിയുള്ള റോഡിൽ നിന്നുമാണ് പ്ലോട്ടിലേയ്ക്ക് Access കാണിച്ചിരിക്കുന്നത്. എന്നാൽ പ്രാഥമിക മേഖല, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടമായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് വിവരം കെട്ടിട നമ്പർ | കണക്കാക്കിയ വസ്തുനികുതി (₹) | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി (₹) | വസ്തു നികുതി ഈടാക്കിയതിലെ കുറവ് (₹) |
|---|---|---|---|---|
| 1 | ശ്രീ. ബിദു കെ ജി, കെ പി ടവേഴ്സ്, ചെമ്മണ്ണൂർ 311/1 -311/7 (7 Shop കളും 20.25 ച.മി വീതം) (വാണിജ്യാവശ്യം)<br>20.25 ച.മിx80 | അടിസ്ഥാന വസ്തുനികുതി 1,620/-<br>..........................<br>ആകെ -1863/-(LC, 10% SC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി 1620/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 324/-<br>..........................<br>ആകെ -2,236/-<br>(LC, 10% SC ഉൾപ്പെടെ) | 373 X 7= 2611/-<br>[(2236-1863)x7] |

| | | | | |
|---|---|---|---|---|
| | പ്രഥമ മേഖല | | | |
| 2 | 3311/8 -311/13 (6 Shop കളും 20.25 ച.മി വീതം)<br>20.25 ച.മിx60 (ഓഫീസ് ആവശ്യം)<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി- 1215/-<br>..............................<br>ആകെ -1398/-(LC, 10% SC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി 1215/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 243/-<br>..............................<br>ആകെ -1677/-<br>(LC, 10% SC ഉൾപ്പെടെ) | 279/- X 6= 1674/-<br>[(1677-1392)x6] |
| 3 | 311/14<br>174.83ച.മിx80 (വാണിജ്യാവശ്യം)<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി- 13987/-<br>..............................<br>ആകെ -16085/-(LC, 10% SC ഉൾപ്പെടെ) | അടിസ്ഥാന വസ്തുനികുതി- 13987/-<br>2.വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20%-/-(+) 2798/-<br>..............................<br>ആകെ -19303/-<br>(LC, 10% SC ഉൾപ്പെടെ) | 19303-16085<br>= 3,218/- |
| ആകെ വസ്തുനികുതിയിൽ കുറവുണ്ടായ തുക | | | | 7,503/- |

റോഡിന്റെ തരം തെറ്റായി കാണിച്ചതുമൂലം പ്രതിവർഷം 7503/- രൂപ മുൻസിപ്പാലിറ്റിയ്ക്ക് വരുമാന നഷ്ടം വരുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരം 12.03.2021 ൽ പണിപൂർത്തീകരിച്ച മേൽ കെട്ടിടം 2020 Second Half (Rs.3752/-രൂപ ഒരു അർദ്ധ വർഷം) മുതലാണ് നികുതി അടവാക്കിയിരിക്കുന്നത്. ആയതിനാൽ 2020 Second Half 3752/-രൂപയും, 2021 -22 സാമ്പത്തിക വർഷം ഉൾപ്പെടെ ആകെ 11255/- (3752+7503) രൂപ മുൻസിപ്പാലിറ്റിയ്ക്ക് വരവ് നഷ്ടം ഉണ്ടായിട്ടുണ്ട്.

റോഡിന്റെ തരം തെറ്റായി കാണിച്ച് വസ്തു നികുതിയിന്മേൽ ഇളവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും 11,255/- രൂപ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 20.04.2023

വരവ് നഷ്ടം - 11,255/- രൂപ

## 2-2 ലേലയിനങ്ങൾക്ക് ജി എസ് ടി ഈടാക്കിയില്ല

മുൻസിപ്പാലിറ്റിയിലെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ലേലയിനങ്ങൾക്ക് 18% ജി എസ് ടി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലയിനം | പേര്, മേൽവിലാസം | ലേല തുക (₹) | ഈടാക്കേണ്ടിയിരുന്ന ജി എസ് ടി (₹) |
|---|---|---|---|---|
| 1 | ചെമ്മണ്ണൂർ മുൻസിപ്പൽ ബസ് സ്റ്റാൻഡ് ഗേറ്റ് ഫീസ് പിരിവ് | ദിലീപ് കുമാർ ലക്ഷ്മി ഭവൻ | 1,53,500/- | 27,630/- |
| 2 | മാർക്കറ്റ് കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | ഷെരീഫ് പെരുന്തോട്ടത്തിൽ പുത്തൻ വീട് | 27,500/- | 4,950/- |
| 3 | നഗരസഭ കാന്റീൻ | അലൻ ജെ പി കൂടാരത്തിൽ | 1,85,000/- | 3,33,000/- |
| 4 | വെട്ടിപ്പുഴ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | തോമസ് ബച്ചൻ ബഥേൽ ഹൗസ് | 85,555/- | 15,400/- |
| 5 | മത്സ്യ മാർക്കറ്റ് ഫീസ് പിരിവ് | ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം | 15,000/- | 2,700/- |
| ആകെ | | | | 83,980/- |

ചരക്കുസേവനനികുതി നിയമം 2017 പ്രകാരം 18% ജി എസ് ടി ഈടാക്കുക്കന്നതിന സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലേലയിനങ്ങൾക്കുള്ള ജി എസ് ടി തുകയായ 83,980/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.24/26.04.2023.

കേന്ദ്ര സംസ്ഥാന സർക്കാരുക ൾക്കുള്ള വരവ് നഷ്ടം- 83,980/- രൂപ (CGST- 41990/- + SGST-41990/-)

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മരാമത്ത് പ്രവൃത്തി : പ്രവൃത്തി മൂല്യത്തിലും അധികമായി തുക പിൻവലിച്ചു; 1,04,212/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മുനിസിപ്പൽ എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ നടപ്പിൽ വരുത്തിയ പദ്ധതിയുടെ അവസാന ബിൽ തുക കണക്കാക്കിയതിലും അധികമായി 1,04,212/-രൂപ പിൻവലിക്കപ്പെട്ടതായി ഓഡിറ്റിൽ കണക്കാക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

Project No : SO.327/22 : Construction Of New Building And Completion Works At Meterial Recovery Centre.

പദ്ധതി അടങ്കൽ : 50,00,000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

കരാറുകാരൻ : HABITAT(accredited Agency)

കരാർ നം. : 01/19-20/AEE Dtd. 16.7.19

ആകെ പ്രവൃത്തിമൂല്യം കണക്കാക്കിയത് : 37,96,470/-രൂപ. (M Book No.14/Hab/2019 Page No 30)

കരാർ പ്രകാരം HABITAT ന് അനുവദിക്കാമായിരുന്ന തുക : 37,96,470/-രൂപ.

കൂട്ടുക 8% Centage Charges...................... : 30,3717.60/-രൂപ.

ആകെ..................................................... : 41,00,187.60/-രൂപ.

(കൂട്ടുക) 12%GST Compensation.................. : 4,92,022.51/-രൂപ.

ആകെ മൊത്തം ........................................... : 45,92,210/-രൂപ .

പിൻവലിക്കപ്പെട്ട തുക........................................ : 46,96,422 /-രൂപ.

(1st Part Bill Rs. 29,19,226/-രൂപ. (Bill No.12/30.8.2019); + Final Bill Rs. 17,77,196/-രൂപ.(bill No.3/27.3.2022)).

1,04,212/-രൂപ അധികമായി പിൻവലിച്ചതായാണ് കണ്ടെത്തിയിട്ടുള്ളത്. കൂടാതെ കരാർ പ്രകാരം പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചതായി പദ്ധതി നിർവ്വഹണാധികാരി ഫയലിൽ എവിടെയും സാക്ഷ്യപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് സമിതി റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്കുമേൽ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 1,04,212/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്. പരാമർശിക്കപ്പെട്ട മറ്റ് അപാകതകൾക്ക് മേൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്. നിർവ്വഹണാധികാരിയായ മുൻസിപ്പൽ എഞ്ചിനീയർ ബാധ്യസ്ഥനായിരിക്കുന്നതാണ്.

Audit Enquiry No.1/12.04.2023.

### 3-2 നിർമ്മാണം പൂർത്തിയാക്കാത്ത ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിലെ സെക്യൂരിറ്റി നിയമനം : ചെലവു നിരാകരിക്കുന്നു.

'ശ്രീ. എസ് ഷാജിമോൻ, മുള്ളൂട്ടിൽ വീട്, ഇളമ്പൽ പി.ഒ.' എന്ന വ്യക്തിയെ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിൽ, മുനിസിപ്പാലിറ്റിയോട് ചേർന്നുള്ള ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ഏഴുനില ഷോപ്പിംഗ് കോംപ്ലക്സിന്റെ സെക്യൂരിറ്റിയായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. 05.09.2021 വരെ ഇവിടെ സെക്യൂരിറ്റിയായി പ്രവർത്തിച്ച ഇദ്ദേഹത്തെ 06.09.21 മുതൽ നഗരസഭയുടെ APJ അബ്ദുൾ കലാം ബിൽഡിംഗിൽ സെക്യൂരിറ്റിയായി മാറ്റി നിയമിച്ചു. എന്നാൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി (എഗ്രിമെന്റ് നമ്പർ 01/18-19/AEE Dtd 07.04.2018) 07.04.2018 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത സ്ഥലത്താണ് സെക്യൂരിറ്റിയെ നിയമിച്ച് അധികച്ചെലവ് ഉണ്ടാക്കിയിരിക്കുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ വേതനാടിസ്ഥാനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സെക്യൂരിറ്റിയായി ജോലി ചെയ്ത മാസം | ചെക്ക് നമ്പർ | തുക (₹) |
|---|---|---|---|
| 1 | മാർച്ച് | 512738/21.4.21 | 19,980/- |
| 2 | ഏപ്രിൽ | 2936755/14.06,21 | 17,760/- |
| 3 | മെയ് | 2936755/14.06,21 | 19,240/- |
| 4 | ജൂൺ | 512793/14.07.21 | 19,240/- |
| ആകെ | | | 76,220/- രൂപ |

വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ വേതനാടിസ്ഥാനത്തിൽ ചെലവഴിച്ച തുക 76,220/- രൂപ നിരാകരിക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 76,220/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.7/20.04.2023

നിരാകരിച്ച തുക - 76,220/- രൂപ

## 3-3 മരാമത്ത് പ്രവൃത്തികൾ - ബിൽ തുകയിൽനിന്നും അധികരിച്ച് ചെലവ് ചെയ്തു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികളുടെ അവസാന ബിൽ തുക കണക്കാക്കിയതിലെ അപാകതകൾ മൂലം 11,510/- രൂപായുടെ അധിക ചെലവ് ഉണ്ടായതായി ഓഡിറ്റിൽ കണക്കാക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം : 271/22 കലയനാട് ചൂരോട് റോഡ് സൈഡ് വാൾ നിർമ്മാണം

അടങ്കൽ തുക : 7,00,000/-രൂപ (MF - R)

ചെലവ് : 6,88,449/-രൂപ (Bill No : 66/27.3.22)

കരാറുകാരൻ : പ്രസിഡന്റ്, പത്തനാപുരം താലൂക്ക് സ്കിൽഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി.
കരാർ നം : 81/AE/PMC/21-22 തീയതി. 5.2.2022

M-Book No.82.

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ Extra ഇനമായി 50.2.26.1 Filling With Contractor Own Earth (Excluding Rock) In Open Areas In Layers......പ്രവൃത്തി എസ്റ്റിമേറ്റ് അളവിൽ (99m$^3$) നടത്തുകയും, 15% Consolidation കുറവു വരുത്തി 84.15m$^3$ Net Quantity അനുവദിക്കുകയും ചെയ്തിട്ടുണ്ട് (M Book-Page No. 10). എന്നാൽ അവസാന ബിൽ തുക കണക്കാക്കിയിരിക്കുന്നത് 99m$^3$ ന് കരാർ നിരക്കായ 273.98/m$^3$ നിരക്കിൽ ആണെന്നു കാണുന്നു. ഇതുമൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായതായി കണക്കാക്കുന്നു.

14.85m$^3$ @ 273.98 = 4,068.6/-രൂപ

12% GST =488.23/-രൂപ

ആകെ 4556.8 Rounded To 4,557/-രൂപ

2. പ്രോജക്ട് നം : 308/22 കലയനാട് അർബൻ പി.എച്ച്.സി. യിൽ സിവിൽ വർക്കുകളുടെ പൂർത്തീകരണം.

അടങ്കൽ തുക : 3,50,000/-രൂപ (MF-NR)

ചെലവ് : 3,34,174/-രൂപ (Bill No : 74/27.3.22)

കരാറുകാരൻ : രാജീവ് എൻ

M-Book No. 93.

പ്രവൃത്തിയുടെ PAC : 3,12,437.33/-രൂപ

Agreed PAC : 3,04,407.64/-രൂപ (-2.57%)

എസ്റ്റിമേറ്റ് നിരക്കിൽ ആകെ പ്രവൃത്തിമൂല്യം 2,99,868.85/-രൂപ എന്ന് കണക്കാക്കിയതിൽ നിന്നും 0.5% മാത്രം ടെൻഡർ കിഴിവ് വരുത്തി (M Book-Page No 17) ജി.എസ്.ടി. വിഹിതമുൾപ്പെടെ 3,34,173.85/-രൂപ പിൻവലിച്ചു. എന്നാൽ അനുവദനീയമായ തുക ചുവടെ ചേർക്കും വിധം കണക്കാക്കുന്നു.

ആകെ പ്രവൃത്തിമൂല്യം : 2,99,868.85/-രൂപ

-2.57% = 7,706.63/-രൂപ

+12% GST Comp. = 35,059.44/-രൂപ

ആകെ = 3,27,221.44/-രൂപ

പിൻവലിച്ചത് = 3,34,174/-രൂപ

അധിക ചെലവായി കണക്കാക്കുന്ന തുക = 6,953/-രൂപ.

മേൽ രണ്ട് പ്രവൃത്തികളിലുമായി ആകെ അധിക ചെലവായി കണക്കാക്കുന്ന തുക = 11,510/-രൂപ.
ടി തുക ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 21/24.05.2023

## 3-4 അനുപൂരക പോഷകാഹാരം - ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം നൽകി.

പ്രോജക്ട് നം – SO020/22

അടങ്കൽ – 65,00,000/-രൂപ

(5,00,000/- രൂപ (വികസന ഫണ്ട്)

15,00,000/- രൂപ (കേന്ദ്രാവിഷ്കൃതം)

45,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്))

ചെലവ് – 67,79,967/-രൂപ

(5,00,000/-രൂപ(വികസന ഫണ്ട്)

17,88,895/-രൂപ (കേന്ദ്രാവിഷ്കൃതം)

44,91,072/-രൂപ(ധനകാര്യകമ്മീഷൻ ഗ്രാന്റ്))

സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ചെലവു തുക (₹) | ബിൽ നം./ചെക്ക് നം./തീയതി |
|---|---|
| 5,00,000/- | 2/13.10.2021 |
| 4,46,981/- | 141/19.11.21 |
| 2,16,534/- | 157/15.12.21 |
| 8,61,590/- | 158/15.12.21 |
| 14,04,294/- | 196/7.2.22 |
| 2,38,088/- | 264/14.3.22 |
| 12,07,485/- | 269/16.3.22 |
| 1,16,100/- | 359/30.3.22 |
| 7,88,127/- | 812885/29.4.21 |
| 10,00,768/- | 812587/15.9.21 |

ടി പ്രോജക്ട പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം അനുവദിച്ചു. സപ്ലൈക്കോ, ലാഭം മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നും അംഗൻവാടികളിൽ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 2/-രൂപ (ഒരു കിലോയ്ക്ക്) ക്വോട്ടു ചെയ്ത 'അമൽ പി. സുധ, രാമവിലാസം, പ്ലാച്ചേരി' എന്ന വ്യക്തിയുടെ ക്വട്ടേഷൻ 3.11.21 ലെ 5-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. സി.ഡി.പി.ഒ.

തയ്യാറാക്കിയിരിക്കുന്ന കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് പ്രകാരവും ശ്രീ. അമൽ പി സുധയുടെ 2/-രൂപ/കി.ഗ്രാം നിരക്കിലുള്ള ക്വട്ടേഷനാണ് കുറഞ്ഞ നിരക്കിലുള്ളതായി കാണിച്ചിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ടിയാന് 2.50 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം/അളവ് | വേ ബിൽ നം. | നൽകിയ തുക @2.50/-രൂപ | നൽകേണ്ട തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | സപ്ലൈക്കോ ഇനങ്ങൾ-7558Kg | 30/29.11.21 | 18,895/- | 15,116/- | 3,779/- |
| 2 | സപ്ലൈക്കോ ഇനങ്ങൾ-5712 Kg | 31/29.11.21 | 14,280/- | 11,424/- | 2,856/- |
| 3 | WBNP-2078Kg | 25/14.12.21 | 5,195/- | 4,156/- | 1,039/- |
| 4 | സപ്ലൈക്കോ ഇനങ്ങൾ- 9115Kg | 21/31.1.22 | 22,787/- | 18,230/- | 4,557/- |
| 5 | WBNP-3060 Kg | 11/16.3.22 | 7,650/- | 6,120/- | 1,530/- |
| 6 | സപ്ലൈക്കോ ഇനങ്ങൾ-7316 Kg | 5/22.3.22 | 18,290/- | 14,632/- | 3,658/- |
| 7 | സപ്ലൈക്കോ ഇനങ്ങൾ-8568 Kg | 2/11.3.22 | 21,420/- | 17,136/- | 4,284/- |
| | ആകെ | | | | 21,703/- |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2021-22 വർഷത്തെ ട്രാൻസ്പോർട്ടേഷൻ ഇനത്തിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് 3.11.2021 നാണ്.

2. ടി പ്രോജക്ടിനായി 65,00,000/- രൂപ വകയിരുത്തിയെങ്കിലും ആകെ ചെലവു തുക 67,79,967/-രൂപയാണ്. സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവു തുക 49,91,072/- രൂപ മാത്രമാണ്. കേന്ദ്രവിഹിതമിനത്തിലുള്ള ചെലവ് സുലേഖാ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

3. കേന്ദ്രവിഹിതമിനത്തിൽ 15,00,000/-രൂപയാണ് അടങ്കൽ തുകയെങ്കിലും ചെലവഴിച്ച തുക 17,78,895/- രൂപയാണ്. അടങ്കൽ തുകയിൽ അധികം ചെലവഴിച്ചതിന്റെ കാരണം വ്യക്തമല്ല.

അധികമായി തുക അനുവദിക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനും അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ എൻക്വയറിക്ക് 2 രൂപയാണ് ട്രാൻസ്പോർട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയതെന്നും നോട്ടപ്പിശകുകാരണം കിലോയ്ക്ക് 2.50 രൂപയുടെ ബില്ല് പാസ്സാക്കി നൽകിയെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടിയിനത്തിൽ അധികമായി ചെലവഴിച്ച 21,703/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. അധികമായി അനുവദിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയായ സി.ഡി.പി.ഒ. യിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

എൻക്വയറി നം.10/24.4.23

നിരാകരണം-21,703/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥ - സി.ഡി.പി.ഒ.

## 3-5 മെറിറ്റോറിയസ് സ്കോളർഷിപ്പ്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് സൂപ്പർ വൈസർ

| പ്രോജക്ട് നം. | അടങ്കൽ (₹) | ചെലവ് (₹) | ബിൽ നം. | തുക (₹) |
|---|---|---|---|---|
| 266/22 | 45,00,000/- | 34,65,000/- | 29/28-2-22 | 5,40,000/- |
| | | | 31/28-2-22 | 6,00,000/- |
| | | | 36/7-3-22 | 7,00,000/- |
| | | | 33/7-3-22 | 3,75,000/- |
| | | | 38/9-3-22 | 9,60,000/- |
| | | | 49/25-3-22 | 1,35,000/- |

| | | | | |
|---|---|---|---|---|
| | | | 50/27-3-22 | 1,00,000/- |
| | | | 51/27-3-22 | 55,000/- |
| 289/22 | 1,00,000/- | 1,00,000/- | 28/24-2-22 | 85,000/- |
| | | | 52/31-3-22 | 15,000/- |

2021-22 സാമ്പത്തിക വർഷം ഹെൽത്ത് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം 35,65,000/- രൂപ ചെലവഴിച്ചു. ടി പ്രോജക്ട് പ്രകാരം എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.ഇ. തലത്തിലുള്ള കുട്ടികൾക്ക് 15,000/-രൂപ വീതം സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 14.02.2018 ലെ സ.ഉ.കൈ.നം 22/2018 ത.സ്വ.ഭ.വ. ഖണ്ഡിക 7.2.5 പ്രകാരം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് അർഹതയുള്ള വിവിധ കോഴ്സുകളുടെ വിവരങ്ങൾ, നിരക്ക് എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗവ. അംഗീകൃത റഗുലർ കോഴ്സുകൾക്ക് 15,000/- രൂപ അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.ഇ. തലത്തിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടില്ല. "Regular Course" എന്നതിന്റെ നിർവ്വചനത്തിൽ എസ്.എസ്.എൽ.സി, +2, വി.എച്ച്.എസ്.ഇ. കോഴ്സുകൾ ഉൾപ്പെടുന്നില്ല. അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | പഠിക്കുന്ന ക്ലാസ്സ് | അനുവദിച്ച തുക (₹) |
|---|---|---|---|
| 1 | അഖിൽ കൃഷ്ണ | +1 | 15000/- |
| 2 | ദേവികാ സുരേഷ് | +1 | 15000/- |
| 3 | ബിപിൻ ബാബു | +1 | 15000/- |
| 4 | വിവേക് മനോഹർ | +1 | 15000/- |
| 5 | നന്ദനാ ശിവദാസ് | +1 | 15000/- |
| 6 | ഹരിലാൽ | +1 | 15000/- |
| 7 | ദിവ്യാധർമ്മപുത്രൻ | +1 | 15000/- |
| 8 | അഖിരാജ് എസ്. ആർ. | +1 | 15000/- |
| 9 | കാർത്തികാ സുരേഷ് | +1 | 15000/- |
| 10 | അനീഷ്യാമോൾ | +1 | 15000/- |
| 11 | മിന്നു എം | +1 | 15000/- |
| 12 | ജനീഷാ ദേവ് ജയേഷ് | +1 | 15000/- |
| 13 | ശ്രീജാ മധു | +1 | 15000/- |
| 14 | രേഷ്മാ എൽ | +1 | 15000/- |
| 15 | ഗംഗാ എസ് | +1 | 15000/- |
| 16 | ആകാശ് എസ്. | +1 | 15000/- |
| 17 | സജിത്ത് എസ്. | +1 | 15000/- |
| 18 | ധനദർശൻ | +1 | 15000/- |
| 19 | അനന്യ എസ്. | +1 | 15000/- |
| 20 | അഭിജിത്ത് | +1 | 15000/- |
| 21 | നിഖില എൽ | +1 | 15000/- |
| 22 | സെൻ പി. നാരായണൻ | +1 | 15000/- |
| 23 | അവിനാശ് എം | +1 | 15000/- |
| 24 | ഭാഗ്യലക്ഷ്മി | +1 | 15000/- |
| 25 | ശരത് മോഹൻ | +1 | 15000/- |

| | | | |
|---|---|---|---|
| 26 | പവിത്ര എസ് രാജേഷ് | +1 | 15000/- |
| 27 | മനീഷ് എം. | +1 | 15000/- |
| 28 | സോനാ രാജ് | +1 | 15000/- |
| 29 | അശ്വൻ | +1 | 15000/- |
| 30 | മിഥുൻ വി. എം. | +1 | 15000/- |
| 31 | നിതീഷ് ബിനു | +1 | 15000/- |
| 32 | രഞ്ജിത്ത് രാഹുൽ | +1 | 15000/- |
| 33 | സുമേഷ്.എസ്.എം | +1 | 15000/- |
| 34 | ഇഷാന്ത് എ. എസ്. | +1 | 15000/- |
| 35 | ബിചിൻ ബൈജു | +1 | 15000/- |
| 36 | സന്ദീപ് . ബി | +2 | 15000/- |
| 37 | ശുഭലക്ഷമി | +2 | 15000/- |
| 38 | നിവേദിതാ എസ് ഘോഷ് | +2 | 15000/- |
| 39 | വൈശാൽ വി | +2 | 15000/- |
| 40 | ശ്യാംമോഹൻ | +2 | 15000/- |
| 41 | അരുൺ തമ്പി | +2 | 15000/- |
| 42 | അനിലാ ആർ | +2 | 15000/- |
| 43 | സ്വരാജ് സുന്ദർ | +2 | 15000/- |
| 44 | ആതിരാശശി | +2 | 15000/- |
| 45 | പ്രവീൺ പി. കൃഷ്ണൻ | +2 | 15000/- |
| 46 | കണ്ണൻ എം | +2 | 15000/- |
| 47 | കാർത്തിക സുരേഷ് | +2 | 15000/- |
| 48 | വീണ എസ് | +2 | 15000/- |
| 49 | ശ്രുതി ജെ. എസ്. | +2 | 15000/- |
| 50 | ആർഷാ രവീന്ദ്രൻ | +2 | 15000/- |
| 51 | കാർത്തിക എൽ | +2 | 15000/- |
| 52 | വിഷ്ണു പ്രീയ | +2 | 15000/- |
| 53 | ഷൈൻ എസ്. ബി. | +2 | 15000/- |
| 54 | ശ്രദ്ധാരാജ് | +2 | 15000/- |
| 55 | ആതിര ആർ | +2 | 15000/- |
| 56 | ദേവ്യ ജയൻ | +2 | 15000/- |
| 57 | സേതുലക്ഷമി | +2 | 15000/- |
| 58 | അജേഷ് എ | +2 | 15000/- |
| 59 | സച്ചിൻ എസ്. | +2 | 15000/- |
| 60 | ദേവിക | +2 | 15000/- |
| 61 | അദിതി എസ് ദീപം | +2 | 15000/- |
| 62 | അനുരാജ് എൻ | +2 | 15000/- |
| 63 | ആതിര എൻ | +2 | 15000/- |
| 64 | വിപിൻചന്ദ്രൻ | +2 | 15000/- |
| 65 | വൃന്ദരാജ് | +2 | 15000/- |
| 66 | ഷിനോ എസ് | +2 | 15000/- |

| | | | |
|---|---|---|---|
| 67 | അലൻ എം. ലാല്യ | +2 | 15000/- |
| 68 | മിലൻ എം. ലാലൂ | +2 | 15000/- |
| 69 | മിഥുൻ ആർ | +2 | 15000/- |
| 70 | അഞ്ജലി യു | +2 | 15000/- |
| 71 | നന്ദന സുനിൽകുമാർ | +2 | 15000/- |
| 72 | വിശാഖ് ആർ | +2 | 15000/- |
| 73 | ആരതി എ | +2 | 15000/- |
| 74 | പ്രണവ് പി.കൃഷ്ണൻ | +2 | 15000/- |
| 75 | അക്ഷയ് എസ് | +2 | 15000/- |
| 76 | ഐശ്വര്യമോഹൻ | +2 | 15000/- |
| 77 | സ്നേഹ ആർ മോഹൻ | +2 | 15000/- |
| 78 | അമ്പാടി ചന്ദ്രൻ | +1 | 15000/- |
| 79 | അഭിജിത്ത് ബി | +1 | 15000/- |
| 80 | പൂജ ഡി.എൽ. | +2 | 15000/- |
| 81 | നിരഞ്ജനാ ഉദയൻ | +1 | 15000/- |
| 82 | സുധിനാഥ് | +2 | 15000/- |
| 83 | മനോജ് മോഹൻ | +2 | 15000/- |
| 84 | അക്ഷരാ ശശിധരൻ | +2 | 15000/- |
